# ബഥേൽ പത്രിക

വാല്യം – 15 സെപ്റ്റംബർ 2002 ലക്കം – 9



മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായി
സഭയെ സുധീരം നയിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര
മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്
ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അഭിവാദ്യങ്ങൾ !

# ബഥേൽ പത്രിക

ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽനിന്നും
പ്രസിദ്ധീകരിക്കുന്നത്

വാല്യം – 15 സെപ്റ്റംബർ 2002 ലക്കം – 9

## ഉള്ളടക്കം

| | | |
|---|---|---|
| മുഖമൊഴി | 3 | ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ |
| പ്രസംഗകല | 4 | ഫാ. റ്റി.ജെ. ജോഷ്വ |
| പഠനം | 8 | ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ |
| പഠനം | 11 | ഫാ. ഡോ. ജോസഫ് ചീരൻ |
| ഗവേഷണം | 13 | വർഗീസ് ജോൺ തോട്ടപ്പുഴ |
| ലേഖനം | 14 | ജേക്കബ് ഉമ്മൻ ചാരുനിൽക്കുന്നതിൽ |
| സമകാലികം | 16 | എം.എ. ജേക്കബ്, പുത്തൻകാവ് |
| മിനിക്കഥ | 18 | ജോൺ മാത്യു, പന്തളം |
| വനിതാ പംക്തി | 19 | ജെസി സാബു, പത്തിച്ചിറ |
| അനുസ്മരണം | 21 | ഫാ. ഐപ്പ് പി. സാം, തോട്ടപ്പുഴ |
| ബാലപത്രിക | 23 | ആനിചേച്ചി |
| വാർത്തകൾ | | |

## പത്രാധിപസമിതി

മാനേജിംഗ് എഡിറ്റർ : തോമസ് മാർ അത്താനാസിയോസ്
Tel. (0479) 453310, 451331

ചീഫ് എഡിറ്റർ : ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Tel. (0481) 581425, (M) 9847111259

എഡിറ്റർ : ജേക്കബ് ഉമ്മൻ, മുളക്കുഴ
Tel. (0479- 468870)

അംഗങ്ങൾ

ഫാ. ജോൺ പോൾ, ഫാ. ഡോ. ജോൺ പണിക്കർ, ഫാ. ഫിലിപ്പ് ജേക്കബ്, ഫാ. തോമസ് അമയിൽ, സിസ്റ്റർ സോഫിയ, ഡോ. കെ.എം. തരകൻ, അഡ്വ. തോമസ് ഫിലിപ്പ്, വി.ഐ. തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ.

സർക്കുലേഷൻ മാനേജർ

എം.എ. ജേക്കബ് Tel. (0479) 468659

## മുഖമൊഴി

സാക്ഷരതയിൽ ഒന്നാമതെത്തിയ കേരളം ഇനി നിയമസാക്ഷരതാ രംഗത്തേക്ക്. സ്കൂൾ വിദ്യാർത്ഥികൾക്കായി നിയമബോധനക്ലാസ്സുകൾ ആരംഭിക്കുകയാണ്. കേരളത്തിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാക്കിയ "നിയമ പാഠം" ബോധനസഹായിയാകും. സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയാണ് വിദ്യാർത്ഥികൾക്ക് നിയമ ബോധനക്ലാസ്സുകൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ രാഷ്ട്രത്തിന്റെ ഭരണഘടനയും ജനാധിപത്യസംവിധാനവും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തി ഉത്തമ പൗരന്മാരായി വളർത്തുകയാണ് ലക്ഷ്യം. ഇന്ത്യയിൽ ആദ്യമായാണ് നിയമബോധന പദ്ധതി സ്കൂൾ തലത്തിൽ ആരംഭിക്കുന്നത്.

മനുഷ്യന്റെ ജീവനും സ്വത്തിനും പരിരക്ഷ നൽകുന്നത് വ്യവസ്ഥാപിതമായ നിയമസംഹിതയാണ്. രാഷ്ട്രത്തിന്റെ വികസനത്തിനും നിലനില്പിനും ഇത് മുഖ്യപങ്ക് വഹിക്കുന്നു. നിയമം-നിയമജ്ഞരുടെയും അഭിഭാഷകരുടെയും സ്വകാര്യസ്വത്തായോ സാധാരണക്കാർക്ക് അപ്രാപ്യമായ മേഖലയായോ കണക്കാക്കരുത്. നിയമവും കോടതിയും സാമൂഹിക ജീവിതത്തിൽ നിർണ്ണായക ഘടകങ്ങളായി രൂപപ്പെടുന്നതിനാൽ നിയമവ്യവസ്ഥയെപ്പറ്റി സാമാന്യബോധം അനിവാര്യമാണ്. അനുദിന ജീവിതത്തിൽ അഭിമുഖീകരിക്കുന്ന നിയമപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്തൊക്കെയാണെന്ന് അറിയണം. നിയമശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഗ്രഹിക്കുമ്പോൾ നിയമം ജനകീയവും സമൂഹത്തിന് വേണ്ടിയുള്ളതും ആകും. നീതിബോധവും നിയമ ബോധവും ജനങ്ങളിൽ വളരണം. നീതി നിർവ്വഹണം നീതിപൂർവ്വവും സത്യസന്ധവും ആയിരിക്കണമെന്ന് പഠിപ്പിക്കുന്നു.

പൗരബോധമുള്ള സമൂഹത്തെ സൃഷ്ടിക്കുകയും നീതിബോധത്തിൽ അധിഷ്ടിതമായ ജീവിതം രൂപപ്പെടുത്തുന്നത് എങ്ങനെയെന്ന് അനുശാസിക്കുകയും ചെയ്യുന്നത് നിയമത്തിന്റെ ധർമ്മമാണ്. നിയമം ലംഘിക്കുമ്പോൾ ശിക്ഷാർഹമാകും. നിയമം അറിയത്തില്ല എന്നത് (Ignorance of law is no excuse) അപരാധത്തിൽ നിന്നും വിമുക്തമാക്കുന്നില്ല. അതിനാൽ ബഹുജനങ്ങളും നിയമബോധന പ്രക്രിയയിൽ പങ്കുചേരണം. നിയമവിജ്ഞാനമേഖലകൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുകയാണ് നിയമസാക്ഷരതയും നിയമബോധന പദ്ധതികളും.

നിയമവും, നിയമശാസ്ത്രവും നിയമബോധനപ്രക്രിയയിൽ ലളിതമായി ആവിഷ്കരിക്കണം. നിയമവ്യവസ്ഥകൾ മാതൃഭാഷയിൽ ആകണം. കോടതിഭാഷ പൂർണ്ണമായും മാതൃഭാഷയിൽ ആകണം. വ്യവഹാരത്തിൽ ഏർപ്പെടുന്ന സാധാരണക്കാർക്ക് വാദപ്രതിവാദങ്ങളും വിധിന്യായങ്ങളും എന്താണെന്ന് പരസഹായം കൂടാതെ മനസ്സിലാക്കാൻ കഴിയണം. നിയമബോധനം ഫലപ്രദമാകുമ്പോൾ ഇത്തരം നിരവധി ആവശ്യങ്ങൾ ഉയരുകയും നിയമലോകവും നീതിപീഠങ്ങളും സുതാര്യമാവുകയും ചെയ്യും.

രാജ്യത്തിന്റെ വികസനത്തിന് നിയമവും നിയമബോധനവും അനിവാര്യമാണ്. ഇവിടെ സംസ്ക്കാരത്തിന്റെയും പുരോഗതിയുടെയും അടിസ്ഥാനം തന്നെ നിയമമായിത്തീരുന്നു. അതിനാൽ നിയമബോധനപ്രക്രിയയിൽ പങ്കുചേരുക. "ജനങ്ങൾക്കുവേണ്ടി രാഷ്ട്രം, രാഷ്ട്രത്തിനുവേണ്ടി ജനങ്ങൾ" എന്ന പ്രതിജ്ഞയിലുള്ള നിയമപാഠങ്ങളിലും നിയമബോധനത്തിലും സഭകൾക്കും പങ്കാളിത്തം വഹിക്കുവാൻ കഴിയുമോ?

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

പ്രസംഗകല



# വചന ശുശ്രൂഷ

**ഫാ. റ്റി. ജെ. ജോഷ്വാ**

സഭാ ശുശ്രൂഷകരുടെ ദൗത്യനിർവ്വഹണത്തിൽ വചന ശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യമുണ്ട്. യേശുക്രിസ്തു പരസ്യശുശ്രൂഷ ആരംഭിച്ചത്, ഗലീലയിൽ ചെന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടായിരുന്നു (മർക്കൊ. 1:14). തുടർന്നുള്ള ശുശ്രൂഷയിൽ നാം കാണുന്നത് തടാക തീരത്തും മലയുടെ മുകളിൽ നിന്നും സുനഗോഗിലും എല്ലാം പ്രസംഗിക്കുന്ന യേശുവിനെയാണ്. ശിഷ്യന്മാരെ നിയോഗിച്ചയയ്ക്കുന്നതും ദൈവരാജ്യം പ്രസംഗിക്കുവാനാണ്. അവിടുന്നു ഒരിക്കൽ പറഞ്ഞു: "ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിന്ന് നാം അവിടേക്കു പോകുക; ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ടുവന്നിരിക്കുന്നത്" (മർക്കൊ. 1:38). കർത്താവിന്റെ മാതൃക ശിഷ്യന്മാർ പിന്തുടർന്നു. അവർ പുലർത്തിയ മുൻഗണനാക്രമം കാണുക; "ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു (അ. പ്ര. 6:4). അപ്പോസ്തോല പ്രവൃത്തികൾ ഇക്കാര്യം സ്ഥിരീകരിക്കുന്നതായി കാണാം. അപ്പോസ്തോലന്മാരെ വിസ്തരിച്ച കോടതിയിൽ അവർ വെളിപ്പെടുത്തി: "ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നതു പ്രസ്താവിക്കാതിരിക്കുവാൻ കഴിയുന്നതല്ല" (അ. പ്ര. 4:20). പീഡനങ്ങളോ സമ്മർദ്ദങ്ങളോ താക്കീതുകളോ ഒന്നും സുവിശേഷം പ്രസംഗിക്കുന്നതിൽ നിന്നു അവരെ പിന്തിരിപ്പിച്ചില്ല.

പൗലോസ് തീക്ഷ്ണവാനായ ഒരു പ്രസംഗകനായി പ്രത്യക്ഷപ്പെടുന്നു. "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിക്കുവാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!" (1 കൊരി. 9:16). അദ്ദേഹത്തിന്റെ ശിഷ്യനായ തീമോത്തിയോസിനു നൽകുന്ന നിർദ്ദേശം. "ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിയ്ക്കുക" (1 തീമോ. 4:13).

സഭാചരിത്രം വെളിപ്പെടുത്തുന്നത് അതതു കാലത്തെ പിതാക്കന്മാർ വചനശുശ്രൂഷയ്ക്കു പ്രാധാന്യം കല്പിച്ചു എന്നാണ്. സത്യവിശ്വാസം ഉറപ്പിക്കുന്നതിനും, പാപികൾക്കു മാനസാന്തരം വരുത്തുന്നതിനും, വിജാതിയരെ സഭയിലേക്ക് ക്ഷണിക്കുന്നതിനും വചന ശുശ്രൂഷ മുഖ്യ ഉപാധിയായിരുന്നു. വചന ശുശ്രൂഷ അവഗണിക്കപ്പെട്ടിട്ടുള്ളപ്പോൾ സഭയുടെ അധഃപതനത്തെ ദർശിക്കാം. സഭാശുശ്രൂഷകരുടെ അലസതയും അജ്ഞതയും അശ്രദ്ധയും മൂലം വചന ശുശ്രൂഷ അവഗണിക്കപ്പെട്ട ഘട്ടങ്ങൾ ഉണ്ട്. പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടുന്നതിനും, ശുശ്രൂഷകൾ നിത്യപരിചയത്തിലായതു കൊണ്ട് അവ നിർവ്വഹിക്കുന്നതിനും പ്രത്യേക പരിശ്രമമൊന്നും വേണ്ടിയിരുന്നില്ല. വചന ശുശ്രൂഷ ശരിയായി നിർവ്വഹിക്കണമെങ്കിൽ വായനയും, പഠനവും ശ്രദ്ധാപൂർവ്വമായ പ്രയത്നവും ആവശ്യമുണ്ട്.



**ആരാധനയും പ്രസംഗവും**

ക്രിസ്തീയാരാധനയിൽ വചന ശുശ്രൂഷയ്ക്ക് വലിയ സ്ഥാനമുണ്ട്. കൂദാശാനുഷ്ഠാനത്തിൽ ഇതൊരിക്കലും അവഗണിക്കപ്പെടാവുന്നതല്ല. എന്നാൽ തെറ്റായ ഒരു ധാരണയുള്ളത് നമ്മുടെ പ്രാർത്ഥനകളിൽ ആവശ്യമായ പ്രബോധനങ്ങൾ എല്ലാമുള്ളതുകൊണ്ട് പ്രത്യേകമായ ഒരു പ്രസംഗത്തിന്റെ ആവശ്യമില്ല എന്നാണ്. ഈ ധാരണ തിരുത്തപ്പെടണം. നമ്മുടെ എല്ലാ കൂദാശകളിലും തിരുവെഴുത്തിൽ നിന്നുള്ള വായനകളുണ്ട്. വായനകളെ തുടർന്ന് അവയെ അടിസ്ഥാനമാക്കിയുള്ള പ്രബോധനം ഉദ്ദേശിക്കപ്പെടുന്നതു തന്നെയാണ്.

ആരാധനയുടെ അവിഭാജ്യഘടകമാണ് പ്രബോധനം. ആരാധനയിൽ എന്തു നടക്കുന്നു? സഭ ഒരുമിച്ച് ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുകയാണ്. യേശുക്രിസ്തുവിൽക്കൂടി വെളിപ്പെട്ട ദൈവകൃപയ്ക്ക് സഭ നൽകുന്ന പ്രതികരണമാണ് ആരാധന. പ്രസംഗത്തിന്റെ ലക്ഷ്യമെന്താണ്? ദൈവത്തിന്റെ സ്നേഹത്തിലും, ശക്തിയിലും, രക്ഷണ്യപ്രവൃത്തിയിലും വെളിപ്പെട്ട ദൈവമഹത്വത്തെ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. അതു ശരിയായി നിർവ്വഹിക്കുമ്പോൾ ജനങ്ങളുടെ ഹൃദയം, അനുതാപത്തോടും, കൃതജ്ഞതയോടും, പ്രത്യാശയോടും ദൈവത്തിലേക്ക് ഉയർത്തപ്പെടും. അതു തന്നെയല്ലേ ആരാധന എന്നുള്ളത്? അതുകൊണ്ട് പ്രസംഗത്തിനു പകരമായി ആരാധനയോ ആരാധനയ്ക്കു പകരമായി പ്രസംഗമോ കാണാൻ പാടില്ല. രണ്ടും ഒരുമിച്ചുപോകുന്ന, പരസ്പരപൂരകങ്ങളായ കാര്യങ്ങളാണ്. പ്രസംഗത്തെ ആരാധനയുടെ ഒരു ഘടകമായി കാണാതെ സൗകര്യപ്പെട്ടാലും ഒത്തുവന്നാലും മാത്രം നടത്തേണ്ട ഒരു കാര്യമായി സങ്കല്പിക്കുന്ന മനോഭാവം മാറ്റേണ്ടതാണ്. അതുപോലെ തിരുവചനം വിഭജിച്ചുകൊടുക്കുന്നതിനു പകരം പ്രസംഗത്തിൽ "പടാതി" അഥവാ "കണ്ടതും കേട്ടതും" അവതരിപ്പിക്കുന്ന പരിപാടിയാക്കി അതിനെ അധഃപതിപ്പിക്കരുത്.

**പ്രസംഗങ്ങൾ ഏതെല്ലാം തരം?**

വൈവിധ്യം ജീവിതത്തിന്റെ എല്ലാ രംഗത്തും നാം ആഗ്രഹിക്കുന്നു. Variety is the spice of life. ഒരേ വിധത്തിൽത്തന്നെ തുടരുന്നത് അരോചകമായി അനുഭവപ്പെടും. പ്രസംഗത്തിലും വിവിധത്വം ഉണ്ടായിരിക്കണമെന്ന് ആഗ്രഹിക്കുന്നു. സഭാ ശുശ്രൂഷകൻ എല്ലാ ഞായറാഴ്ചയും ഒരേ രീതിയിലുള്ള പ്രസംഗം തന്നെ പറയുന്നതായാൽ ശ്രോതാക്കൾക്കു വിരക്തിയും വിരസതയും അനുഭവപ്പെടും. പ്രസംഗം തുടങ്ങുമ്പോൾത്തന്നെ അവർ ശ്രവണേന്ദ്രിയത്തിന്റെ "സ്വിച്ച് ഓഫ്" ചെയ്യും! അതുകൊണ്ട് വിവിധ രീതിയിലുള്ള പ്രസംഗങ്ങൾ ഒരുക്കുകയും അവതരിപ്പിക്കുകയും വേണം. പ്രധാനമായി ആറ് തരത്തിലുള്ള പ്രസംഗങ്ങൾ ഉണ്ട്.

**1. വ്യാഖ്യാനപരമായ പ്രസംഗങ്ങൾ**

ഏറ്റവും അധികം പ്രയോഗിക്കപ്പെടുന്ന രീതി ഇതാണ്. വേദപരിജ്ഞാനം പ്രാപിക്കുവാൻ ഇതു വളരെ ഫലപ്രദമാണ്. ഒരു വാക്യത്തെയോ വേദഭാഗത്തെയോ അടിസ്ഥാനമാക്കി ചെയ്യുന്ന പ്രസംഗമായിരിക്കും. പ്രസക്തഭാഗം അപഗ്രഥനം ചെയ്ത് അതിന്റെ അർത്ഥതലങ്ങൾ വ്യക്തമാക്കുകയും സന്ദേശം അനാവരണം ചെയ്യുകയുമാണ്. പൗലോസ് പറയുന്ന

തുപോലെ "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെയ്ക്കാതെ മുഴുവനും അറിയിച്ചു" (അ. പ്ര. 20:27) കൊടുക്കുവാൻ ഈ സമീപനം ഉപകരിക്കുന്നു.

വേദപുസ്തകം നൂറ്റാണ്ടുകൾക്കു മുമ്പു എഴുതപ്പെട്ടതായതുകൊണ്ട് വർത്തമാനകാലത്ത് അതു മനസ്സിലാക്കുന്നതിന് വാക്കുകളും ആശയങ്ങളും വ്യാഖ്യാനിച്ചേ മതിയാവൂ. മൂലഭാഷ അറിയാവുന്നവർക്ക് ഇത് എളുപ്പമാണ്. അല്ലാത്തവർ വിവിധ പരിഭാഷകൾ പ്രയോജനപ്പെടുത്താം.

വേദപുസ്തകം ഒരു അക്ഷയ ഖനിയാണ്. പ്രസംഗകൻ ആഴത്തിൽ ഖനനം ചെയ്ത് വേദപുസ്തക സത്യങ്ങൾ വർത്തമാന കാലാനുഭവത്തോടു ബന്ധപ്പെടുത്തി അവതരിപ്പിക്കുമ്പോൾ ശ്രോതാക്കൾ അതു ശ്രദ്ധിക്കാതിരിക്കയില്ല. ഓറിഗൻ, ക്രിസോസ്റ്റം (സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്) തുടങ്ങിയ സഭാപിതാക്കന്മാർ വ്യാഖ്യാന പ്രസംഗശൈലി വിജയകരമായി പിന്തുടർന്നവരാണ്.

വേദപുസ്തകത്തിലെ ഒരു പുസ്തകം ആരംഭിച്ച് അതിന്റെ അവസാനം വരെ തുടർച്ചയായി വ്യാഖ്യാനിച്ച് പ്രസംഗിക്കുന്നത് അവരുടെ പതിവായിരുന്നു. വേദപുസ്തകത്തിലെ ഓരോ ഭാഗത്തിനും വർത്തമാനകാലത്തിനു യോജിച്ച ദൂതുണ്ട് എന്നവർ വിശ്വസിച്ചു.

ഇത്തരം പ്രസംഗത്തിന്റെ മെച്ചം, പ്രസംഗകൻ സ്വന്തം അഭിപ്രായങ്ങളും ചിന്താഗതികളും വെളിപ്പെടുത്തുകയല്ല, ദൈവവചനത്തിലുള്ള ദൂത് അനാവരണം ചെയ്യുകയാണെന്ന ബോധം തനിക്കും ശ്രോതാക്കൾക്കുമുണ്ടാകും.

**2. സിദ്ധാന്തപരമായ പ്രസംഗങ്ങൾ**

ക്രിസ്തീയ ജീവിതത്തിൽ സിദ്ധാന്തപരമായ കാര്യങ്ങൾക്കു പ്രാധാന്യമുണ്ട്. സഭ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് യുക്തിപൂർവവും കാലോചിതവുമായ അറിവ് സഭാംഗങ്ങൾക്കുണ്ടായിരിക്കണം. അടിസ്ഥാനപരമായ സത്യങ്ങൾ എന്തൊക്കെയെന്നും അവ എന്തുകൊണ്ട് മുറുകെ പിടിക്കണമെന്നുമുള്ള കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

ക്രിസ്തീയ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന യുക്തിവാദികളും അന്യമതസ്ഥരുമുണ്ട്. അവരോട് ഉത്തരം പറയുവാൻ വിശ്വാസികൾക്ക് പ്രാപ്തിയുണ്ടാവണം.

വിരുദ്ധോപദേശങ്ങളുമായി നുഴഞ്ഞുകയറുന്ന സഭാവിഭാഗങ്ങളുമുണ്ട്. "മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ" (എഫേ. 4:14) ആകാതിരിക്കാൻ ഉപദേശ സംബന്ധമായ പ്രസംഗങ്ങൾ ആവശ്യമുണ്ട്.

വിശ്വാസപ്രമാണത്തെ അടിസ്ഥാനമാക്കി ഒരു പ്രസംഗ പരമ്പര തന്നെ നടത്താം. അതുപോലെ വിശുദ്ധ രഹസ്യങ്ങളെ (കൂദാശകളെ) ക്കുറിച്ചുമാകാം. ഇത്തരം പ്രസംഗങ്ങൾക്ക് വേദപുസ്തകത്തോടൊപ്പം സഭാ പിതാക്കന്മാരുടെ സാക്ഷ്യങ്ങളും കൗൺസിലുകളുടെ നിശ്ചയങ്ങളും സഭാ കാനോനും പരിഗണിക്കേണ്ടതാണ്.

ആഴമായ പഠനവും യുക്തിസഹജമായ വിധത്തിലുള്ള ആശയസമന്വയവും ആവശ്യമുണ്ട്. സിദ്ധാന്തപരമായ പ്രസംഗം വിരസവും വരണ്ടതും ആകാതിരിപ്പാൻ ശ്രദ്ധിച്ചേ മതിയാവൂ.



**3. സമകാലീന പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയ പ്രസംഗങ്ങൾ**

സമൂഹത്തിൽ മാറ്റങ്ങൾ എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ കൂടുതൽ ശക്തവും വ്യാപകവുമാണ്. ഈ മണ്ഡലങ്ങളിൽ പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഉയരുന്നു. അവയെപ്പറ്റി സുവിശേഷത്തിന്റെ വെളിച്ചത്തിൽ എങ്ങനെ പ്രതികരിക്കാമെന്നുള്ളത് വെളിപ്പെടുത്തേണ്ടതാണ്.

ജീവിതത്തിന്റെ സമസ്തമേഖലകളും യേശുക്രിസ്തുവിന്റെ അധികാരത്തിനും കർത്തൃത്വത്തിനും വിധേയമാണെന്നോർക്കുമ്പോൾ, ക്രിസ്തീയ വീക്ഷണത്തിൽ സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളെ കൈകാര്യം ചെയ്യേണ്ടതാണ്. ആഗോളവത്കരണവും അതിന്റെ പ്രശ്നങ്ങളും ഇന്നു മുഴങ്ങിക്കേൾക്കുന്ന ഒന്നാണ്. ദളിത സമൂഹത്തിന്റെ പ്രശ്നങ്ങൾ, മാധ്യമങ്ങളുടെ സ്വാധീനം, ഉപഭോഗ സംസ്കാരവും അതിന്റെ ഉപോല്പന്നങ്ങളായ വെല്ലുവിളികളും, ക്ലോണിങ്ങും, ദയാവധവും തുടങ്ങി ശാസ്ത്രരംഗത്തുനിന്നും, ധാർമ്മിക രംഗത്തുനിന്നും പ്രശ്നങ്ങൾ ഇവയൊക്കെ സഭാജനങ്ങൾക്കു സംശയങ്ങളും വെല്ലുവിളികളും ഉയർത്തുന്നവയാണ്. തിരുവചനത്തിന്റെ വെളിച്ചത്തിലും സഭയുടെ അടിസ്ഥാനപരമായ വിശ്വാസ സത്യങ്ങളുടെ അടിസ്ഥാനത്തിലും അവയ്ക്കുത്തരം നൽകുവാൻ പര്യാപ്തമായ പ്രബോധനങ്ങൾ ആവശ്യമുണ്ട്.

**4. ജീവചരിത്രം അടിസ്ഥാനപ്പെടുത്തിയുള്ള പ്രസംഗങ്ങൾ**

ക്രിസ്തീയ ജീവിതം വിജയകരമായി നയിച്ചവരും നല്ല സാക്ഷ്യം വഹിച്ചവരുമായ എത്രയോ കഥാപാത്രങ്ങൾ സഭാചരിത്രത്തിലുണ്ട്. വേദപുസ്തകം ആദിയോടന്തം നോക്കിയാൽ വ്യക്തിജീവിതങ്ങളുടെ സമാഹാരമെന്നു പറയാം. സ്ത്രീകളും പുരുഷന്മാരുമായി ജീവിതസാക്ഷ്യം വഹിച്ച വ്യക്തികളെക്കുറിച്ച് ഇന്നുള്ളവർ അറിയുന്നത് അവരെ മാതൃകയാക്കാനും അനുകരിക്കാനും ഉപകരിക്കും.

വേദപുസ്തകത്തിലെ വനിതകൾ, വേദപുസ്തകത്തിലെ കുട്ടികൾ എന്നിങ്ങനെയുള്ള ശീർഷകത്തിൽ പ്രസംഗങ്ങൾ ഒരുക്കാം. വേദപുസ്തകത്തിലെ ഒരു കഥാപാത്രത്തെക്കുറിച്ചാണു പ്രസംഗമെങ്കിൽ ആ വ്യക്തിയെപ്പറ്റി വേദപുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ ഭാഗങ്ങളും നോക്കണം. പിന്നീട് പ്രധാനപ്പെട്ട സംഭവങ്ങളും ജീവിതത്തിലെ ശ്രേഷ്ഠഭാവങ്ങളും കോർത്തിണക്കി ആ വ്യക്തിയുടെ മിഴിവുറ്റ ചിത്രം അവതരിപ്പിക്കുകയും ആ ജീവിതം മാതൃകയാക്കാനുള്ള ആഹ്വാനം നടത്തുകയും ആവാം.

ദൈവത്തിന്റെ അത്ഭുതമാർന്ന സംരക്ഷണവും ദിവ്യപരിപാലനവും ഒരു ജീവിതത്തിൽ എപ്രകാരം അനുഭവവേദ്യമായി എന്നു കേൾക്കുന്നതും അറിയുന്നതും പ്രചോദനം നൽകുന്നതാണ്. (തുടരും)

**ബഥേൽ പത്രിക**
ചെങ്ങന്നൂർ പി. ഒ.

വരിസംഖ്യ 30 രൂപ

ആയുഷ്ക്കാലം 500 രൂപ



# പരുമല തിരുമേനിയുടെ സാമൂഹിക ദർശനങ്ങൾ

## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

കേരളത്തിന്റെ സമഗ്രമായ നവോത്ഥാന ഘട്ടം ആരംഭിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. മിഷനറിമാരുടെ പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, പത്രപ്രവർത്തനം എന്നിവ സാമൂഹിക നവോത്ഥാന പ്രക്രിയയ്ക്ക് അടിത്തറയിട്ടു. തമിഴ് - സംസ്കൃത സ്വാധീനത്തിൽനിന്നും മാറി മലയാള ഭാഷ പുതിയ രൂപം പ്രാപിക്കുന്നതും ഈ കാലഘട്ടത്തിലാണ്. ഈ കാലഘട്ടം കേരളം മുഴുവൻ പരിവർത്തനത്തിന്റെ കൊടുങ്കാറ്റ് ശക്തമായി. സാമൂഹികവും ആദ്ധ്യാത്മികവുമായ രംഗങ്ങളിൽ സമ്പൂർണ്ണമായ നവോത്ഥാനവും ആരംഭിച്ചു. ഈ പരിവർത്തനത്തിന്റെ സ്വാധീനം എന്തായിരുന്നുവെന്ന് ഡോ. കെ. എം. ജോർജ്ജ് വെളിപ്പെടുത്തുന്നു. പാശ്ചാത്യവും ഭാരതീയവുമായ സംസ്കാരങ്ങൾ തമ്മിൽ സമ്പർക്കവും സംഘർഷവും സംഘട്ടനവും ഒക്കെ നടന്നതിന്റെ ഫലമായിട്ടാണ് ഭാരതീയ ചിന്താഗതിയിലും സാഹിത്യങ്ങളിലും വലിയൊരു പരിവർത്തനം ഉണ്ടായത്.

കേരളത്തിന്റെ സാമൂഹിക നവോത്ഥാന പ്രക്രിയയിൽ ശ്രദ്ധേയരായ വിദ്യാധിരാജ ചട്ടമ്പി സ്വാമികൾ (1853 - 1924), ശ്രീനാരായണ ഗുരു (1856 - 1928), അയ്യങ്കാളി (1863 - 1941) എന്നിവർ ഈ ഘട്ടത്തിലെ പ്രഗല്ഭരായ സാമൂഹ്യ നവോത്ഥാന പ്രവർത്തകരായിരുന്നു. ഇവർക്ക് സമകാലികനായ പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസും (1848 - 1902) സമൂഹത്തിന്റെ നവോത്ഥാനത്തിനായി യത്നിച്ചു. കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാഹിത്യ, വിദ്യാഭ്യാസ രംഗങ്ങളിലും ആദ്ധ്യാത്മിക മണ്ഡലങ്ങളിലും വിപ്ലവകരമായ പരിവർത്തനത്തിന് വേദിയൊരുക്കിയ മഹാത്മാവാണ് പരുമല തിരുമേനി. സാമൂഹ്യ പരിഷ്കർത്താവ്, അജപാലകൻ, താപസവര്യൻ, വിദ്യാഭ്യാസപ്രവർത്തകൻ, സാഹിത്യകാരൻ, മനുഷ്യസ്നേഹി എന്നിങ്ങനെ നിരവധി വിശേഷണങ്ങൾ പരുമല തിരുമേനിക്കുണ്ട്. എന്നാൽ 'പരിശുദ്ധൻ'എന്ന നിലയിലാണ് ഇന്ന് അദ്ദേഹത്തിന്റെ പ്രശസ്തി ലോകവ്യാപകമായിരിക്കുന്നത്.

കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനത്തിന് പരുമല തിരുമേനിക്ക് ചില ദർശനങ്ങളുണ്ടായിരുന്നു. അവ സാക്ഷാത്കരിക്കുന്നതിനായി കഠിനമായി യത്നിക്കുകയും പൊതുജനങ്ങളെ പ്രബോധിപ്പിക്കുകയും ചെയ്തു.

1. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

കേരളത്തിൽ വിദ്യാഭ്യാസം എന്നാൽ സംസ്കൃതം പഠിക്കുക എന്നതു മാത്രമായിരുന്നു. ഇത് സവർണ്ണ ഹൈന്ദവരായ പുരുഷന്മാർക്കായിരുന്നു ലഭ്യമായത്. മിഷനറിമാരുടെ പ്രവർത്തനമാണ് സവർണ്ണർക്കു മാത്രം അവകാശപ്പെട്ട വിദ്യാഭ്യാസത്തെ ജനകീയമാക്കിയത്. കേരളത്തിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് 1815 -ൽ കോട്ടയം പഴയസെമിനാരിയിൽ ആയിരുന്നു. 'നാട്ടുകാർ 'പഠിത്തവീട്" എന്നു വിളിച്ചിരുന്ന ഈ സ്ഥാപനമാണ് കേരളത്തിലെ ആധുനിക വിദ്യാഭ്യാസത്തിന്റെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും തറവാട്.' കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിന് മിഷനറിമാർ പ്രയത്നിച്ചത് കേരളത്തിൽ വലിയൊരു സാമൂഹികമാറ്റത്തിന് പ്രാരംഭമിട്ടു. കേരളത്തിലെ ദലിത് വിഭാഗങ്ങളെയും സ്ത്രീകളെയും സമൂഹത്തിന്റെ



മുഖ്യധാരയിലേക്ക് എത്തിക്കുവാനായി 'എല്ലാവർക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം' എന്ന പദ്ധതി ആവിഷ്കരിച്ചു. മിഷനറിമാരുടെ സ്കൂളിൽ ജാതിവ്യവസ്ഥ അംഗീകരിച്ചില്ല. എല്ലാവർക്കും വിദ്യാഭ്യാസം നൽകി. ഇക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി നിരവധി സ്കൂളുകളും കോളജുകളും മിഷനറിമാർ ആരംഭിച്ചു. 'ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരവും പാശ്ചാത്യ ആശയാദർശങ്ങളുടെ പരിചയവും മധ്യവർഗ്ഗത്തിൽ പുരോഗമനാത്മകമായ കാഴ്ചപ്പാട് ഉളവാക്കിയതായി' പ്രൊഫ. എം. അച്യുതൻ പറയുന്നു.

വിദ്യാഭ്യാസ രംഗത്ത് മിഷനറിമാർ നടത്തിയ പുരോഗതി മനസ്സിലാക്കിയ പരുമല മാർ ഗ്രിഗോറിയോസ് സ്വന്തം സഭയും വിദ്യാഭ്യാസരംഗത്തേക്ക് എത്തണമെന്ന് ആഗ്രഹിച്ചു. സാമൂഹ്യ നവോത്ഥാനത്തിനും സന്മാർഗ്ഗിക പുരോഗതിക്കും സുവിശേഷ പ്രചാരത്തിനും ഇംഗ്ലീഷ് വിദ്യാഭ്യാസം വളരെ ഉപകരിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. 'ഇംഗ്ലീഷിൽ എഴുതിയ പുസ്തകങ്ങളായിരിക്കുമല്ലോ വിദ്യാർത്ഥികൾ സ്കൂളിൽ പഠിക്കുന്നത്. ആ മഹാന്മാർ ക്രിസ്ത്യാനികൾ ആണല്ലോ. അവരുടെ പുസ്തകങ്ങൾ പഠിക്കുമ്പോൾ യഥാർത്ഥമായ ക്രിസ്തീയ തത്ത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നാതിരിക്കുന്നത് എങ്ങനെ' എന്ന് പരുമല തിരുമേനി ചോദിക്കുന്നു. സുവിശേഷ പ്രചരണത്തിനും ക്രിസ്തീയ മൂല്യങ്ങൾ പഠിക്കുന്നതിനുമുള്ള മുഖാന്തിരമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം എന്ന് തിരുമേനി മനസ്സിലാക്കി. 'അതിനാൽ ഇംഗ്ലീഷ് സ്കൂളുകൾ പലയിടങ്ങളിലും ഇനിയും സ്ഥാപിക്കണമെന്ന് 1895 -ൽ പരുമലയിൽ നടത്തിയ പ്രസംഗത്തിൽ ആഹ്വാനം ചെയ്യുന്നു.

19 -ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ദലിത് വിഭാഗത്തിൽപ്പെട്ടവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ വേണ്ടത്ര പുരോഗതി ലഭ്യമായില്ല. സവർണ്ണ ജാതിക്കാർ ദലിത് വിഭാഗത്തിൽപ്പെട്ടവരോടൊപ്പം പഠിക്കുവാൻ കുട്ടികളെ അനുവദിച്ചില്ല. മേൽസമുദായത്തിന്റെ പീഡനങ്ങൾ ഭയന്ന് ദലിത് വിഭാഗക്കാർ തങ്ങളുടെ കുട്ടികളെ സ്കൂളിൽ അയയ്ക്കാതെയും ആയി. ദലിത് വിഭാഗങ്ങൾക്കായി പ്രത്യേകം സ്കൂൾ ആരംഭിച്ചാണ് ഈ പ്രശ്നം മിഷനറിമാർ പരിഹരിക്കുന്നത്. 1895 ലും ഈ പ്രശ്നം ശക്തമായി നിലനിന്നിരുന്നു എന്ന് പരുമല തിരുമേനിയുടെ പ്രസംഗത്തിൽ വ്യക്തമാകുന്നു: 'പള്ളിക്കൂടങ്ങളും ഇപ്രകാരം ആദ്യം പ്രത്യേകമായും പിന്നീട് സാധാരണമായും കൊടുക്കണം. ഈ വിഷയത്തിൽ നാം ചെയ്തിട്ടുള്ള ശ്രമം വളരെ വർദ്ധിപ്പിക്കാനുണ്ട്.'

സാമൂഹ്യ നവോത്ഥാനത്തിനും ദലിത് വിഭാഗങ്ങളുടെ ഉയർച്ചയ്ക്കുമായി പരുമല തിരുമേനി നടത്തിയ ശ്രമങ്ങളിൽ ശക്തമായ എതിർപ്പ് സുറിയാനി ക്രിസ്ത്യാനികളിൽ നിന്നും ഉണ്ടായിട്ടുണ്ട്. അതിനാലാണ് ദലിത് വിഭാഗക്കാർക്ക് ആദ്യം പ്രത്യേകം സ്കൂൾ ആരംഭിക്കണമെന്ന് പറഞ്ഞത്. ദലിത് വിഭാഗക്കാരെ സഭയിൽ ചേർത്ത് വിദ്യാഭ്യാസം നൽകുന്നതിനോട് സഭയിലെ 'പഴയ ക്രിസ്ത്യാനി'കൾക്ക് പിണക്കമായിരുന്നു. അവർ പരുമല തിരുമേനിയെ സമീപിച്ച് 'തീണ്ടൽ തൊടീൽ' കാരണത്താൽ അവരെ സഭയിൽ ചേർക്കരുതെന്ന് അപേക്ഷിച്ചിട്ടുണ്ടെന്ന് പരുമല തിരുമേനിയുടെ ശിഷ്യനായ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞിട്ടുണ്ട്.

ബാഹ്യമായ എതിർപ്പുകൾക്ക് പരുമല തിരുമേനിയുടെ ദർശനങ്ങളെ സ്വാധീനിക്കുവാൻ കഴിഞ്ഞില്ല. ദലിത് വിഭാഗത്തിൽപ്പെട്ട നിരവധിപേർക്ക് സ്കൂൾ വിദ്യാഭ്യാസത്തിനായി പ്രേരണയും സഹായങ്ങളും നൽകി. ആദ്യകാലഘട്ടങ്ങളിൽ സർക്കാർ സ്കൂളുകളിലും ദലിത് വിഭാഗക്കാർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. മിഷനറിമാരോടൊപ്പം പരുമല മാർ ഗ്രിഗോറിയോസും ഇതിനെതിരെ പോരാടിയ

തിനാൽ 1895 - 96 ൽ ഗവൺമെന്റ് എല്ലാ വിഭാഗത്തിനും വിദ്യാഭ്യാസം നൽകുവാനുള്ള ഉത്തരവാദിത്വം അംഗീകരിച്ചു. 1904 -ൽ ജാതിഭേദം കൂടാതെ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുവാനും ഇതിനുള്ള ചെലവു മുഴുവൻ വഹിക്കുവാനും സർക്കാർ സന്നദ്ധമായി.[10] വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ പരിവർത്തനം പരുമല തിരുമേനിയുടെ കാലത്തു തന്നെ ആരംഭിച്ചെങ്കിലും സർക്കാരിന്റെ ഔദ്യോഗിക പ്രഖ്യാപനം വന്നപ്പോൾ പരുമല തിരുമേനിക്ക് അതിൽ പങ്കാളിയാകുവാൻ സാധിച്ചില്ല.

പരുമല തിരുമേനിയുടെ കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്നത് ശ്രീമൂലം തിരുനാൾ രാമവർമ്മ (1885 - 1924) ആയിരുന്നു. പരുമല തിരുമേനിയുടെ കാലഘട്ടത്തിൽ കേരളം മൂന്നു ഭരണകൂടങ്ങൾക്ക് വിധേയമായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും രണ്ട് രാജവംശങ്ങളും മലബാറിൽ ബ്രിട്ടീഷ് ഭരണവും പ്രബലമായിരുന്നു. കേരളത്തിന്റെ തെക്കുമുതൽ വടക്കു വരെയുള്ള ജനങ്ങളും ഇടവകകളുമായി പരുമല തിരുമേനിക്ക് ബന്ധമുണ്ടായിരുന്നതിനാൽ അതതുകാലത്ത് നിലവിൽ വന്ന ഭരണാധിപന്മാരുമായി നല്ല സൗഹൃദം സ്ഥാപിച്ചിരുന്നു. ഇത് വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പരിഷ്കാരങ്ങൾ വരുത്തുവാൻ പ്രേരണ നൽകി.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ പരുമല തിരുമേനി നിരവധി സ്കൂളുകൾ ആരംഭിച്ചു. പരുമല തിരുമേനി ആദ്യം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി സ്കൂൾ ആരംഭിക്കുന്നത് പന്തളത്തിനു സമീപം തുമ്പമൺ ആണ്. 1895 ൽ ഊർശ്ലേം യാത്ര കഴിഞ്ഞ് തിരിച്ചെത്തുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസ ദർശനവുമായാണ്. 1895 ൽ തുമ്പമൺ പള്ളിമേടയിൽ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചതായി തുമ്പമൺ പള്ളിയിൽ സൂക്ഷിക്കുന്ന പരുമല തിരുമേനിയുടെ കല്പനബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. പിന്നീട് സ്വദേശമായ മുളന്തുരുത്തി സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിനായി ശ്രമിച്ചു. കുന്നംകുളത്ത് 1899 -ൽ മാർ ഇഗ്നാത്തിയോസ് സ്കൂൾ ആരംഭിച്ചു. ഇത് 1902 -ൽ ഹൈസ്കൂളായി ഉയർത്തി. 'മെത്രാച്ചന്റെ സ്കൂൾ' എന്ന് അറിയപ്പെടുന്ന ഇത് ജാതിമത ഭേദമെന്യെ അനവധി കുട്ടികളെ ഫീസ് ഒഴിവു ചെയ്തു പഠിപ്പിച്ചിരുന്ന ഒരു പ്രശസ്ത വിദ്യാലയമായിരുന്നു എന്ന് *ആർത്താറ്റ് പള്ളി ചരിത്ര*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കുന്നംകുളം പാറേൽ അങ്ങാടിയിലെ സെന്റ് മേരീസ് സ്കൂൾ 1900 -ൽ പരുമല തിരുമേനി തന്നെ പേർ നിർദ്ദേശിച്ച് തുടങ്ങിയതാണ്. തുമ്പമൺ പള്ളി മാളികയിൽ പരുമല തിരുമേനി 1895 ൽ തുടങ്ങിയ പള്ളിക്കൂടം പ്രത്യേകം കെട്ടിടത്തിൽ ആരംഭിക്കുന്നത് 1901 ജനുവരി 23 നാണ്. ഇതിന്റെ ശിലാസ്ഥാപനം പരുമല തിരുമേനിയാണ് നിർവ്വഹിച്ചത്.

തിരുവല്ലയിൽ ഹൈസ്കൂളിനായി 1902 ഏപ്രിലിൽ പരുമല തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭ നടപടികൾ ആരംഭിച്ചു. തിരുവല്ലയിൽ സർക്കാർ ഗേൾസ് സ്കൂൾ സ്ഥാപിക്കുന്നതിനും പരുമല തിരുമേനി സജീവമായി പങ്കെടുത്തു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ (1844 - 1914) അദ്ധ്യക്ഷനായ സർക്കാർ ഗേൾസ് സ്കൂൾ കമ്മിറ്റിയുടെ ഖജാൻജി പരുമല തിരുമേനിയായിരുന്നു. നിരണം, താഴത്തങ്ങാടി സ്കൂളുകളുടെ ആരംഭത്തിനും പരുമല തിരുമേനി പ്രേരണ നൽകി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ച് തിരുമേനിക്ക് നല്ല ഉൾക്കാഴ്ച ലഭിച്ചത് ഊർശ്ലേം യാത്ര കഴിഞ്ഞതിന് ശേഷമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നിരന്തരമായ ശ്രമങ്ങളാണ് 1895 - 1902 വരെയുള്ളത്.

ആയുസ്സിന്റെ നല്ല ഭാഗം ഏകാന്ത തപസ്സിനും വ്രതാനുഷ്ഠാനങ്ങൾ ക്കുമായി വേർതിരിച്ച പരുമല തിരുമേനിയുടെ ദർശന

(ശേഷം 17 -ാം പേജിൽ)





# പ്രതിഭാശാലിയായ സൂര്യതേജസ്സ് – vii

ഫാ. ഡോ. ജോസഫ് ചീരൻ

ഗുരുമുഖത്തുനിന്ന് കേൾക്കുന്നതിനപ്പുറം സുറിയാനിഭാഷയുടെ ആഴത്തിലേക്കും വിസ്തൃതിയിലേക്കും വിപഠിഷുക്കളായ വൈദികവിദ്യാർത്ഥികൾക്കു സഞ്ചരിക്കുവാൻ സഹായകമായ ഒരു സുറിയാനി പാഠപുസ്തകം അദ്ദേഹം രചിക്കാനിടയായ പശ്ചാത്തലം ഇതാണ്. സുറിയാനി അക്ഷരമാല പരിചയപ്പെടുത്തുന്നതിൽ നിന്നാരംഭിച്ച് സുറിയാനിപദങ്ങൾ പരിചയിപ്പിച്ച് വ്യാകരണനിയമങ്ങൾ ഉൾപ്പെടുത്തി രചിച്ച ആ ലഘു ഗ്രന്ഥം അവധാനപൂർവ്വം പഠിക്കുന്നവർക്കു പരസഹായം കൂടാതെ തന്നെ സുറിയാനി ഭാഷ വശപ്പെടുത്തുവാൻ കഴിയും. യാതൊരു ഔദ്യോഗിക സ്ഥാപനത്തിന്റെയും കൃപാകടാക്ഷം ലഭിക്കാതെപോയ പല വൈദികവിദ്യാർത്ഥികൾക്കും സുറിയാനി പഠനത്തിന് വട്ടശ്ശേരിൽ മല്പാനച്ചൻ രചിച്ച സുറിയാനി ഒന്നാംപാഠപുസ്തകം പ്രകാശഗോപുരമായിരുന്നു (ഈ എഴുത്തുകാരനും ആ ഗ്രന്ഥം സുറിയാനിപഠനത്തിന്റെ ആദ്യനാളുകളിൽ ഉപയോഗിച്ചിട്ടുള്ളത് നന്ദിപൂർവ്വം സ്മരിക്കുന്നു). 1950 കളിലേക്കു വന്നപ്പോഴേക്കും മട്ടയ്ക്കൽ മല്പാൻ, പാമ്പാക്കുട മല്പാൻ, ഔഗേൻ ബാവാ, ഗീവറുഗീസ് പണിക്കരച്ചൻ (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്), തകിടിയിൽ യാക്കോബ് കത്തനാർ, നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ (യൂഹാനോൻ മാർ സേവേറിയോസ്) തുടങ്ങിയവരുടെ ശ്രദ്ധയും ശ്രമവും മൂലം മിക്ക ആരാധനക്രമങ്ങളും മലയാളഭാഷയിൽ ലഭ്യമായതോടെ സുറിയാനി ഒന്നാംപാഠപുസ്തകം അവഗണനയിലേക്കു പതിച്ചു. എന്നിരുന്നാലും സുറിയാനി കൂട്ടി വായിക്കുവാൻ സഹായിക്കുന്ന ഒരു കൃതി എന്ന നിലയിൽ അതു അടുത്തകാലംവരെയും ഉപയോഗത്തിലിരുന്നു (ഇന്ന് സുറിയാനി ഭാഷയും അതിന്റെ വ്യാകരണമുറകളും രാഗസംവിധാനങ്ങളും ഒരനാവശ്യഭാരമായി ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. ഭാഷ മരിച്ചെങ്കിലും രാഗസംവിധാനം ഈ അടുത്തകാലംവരെ മേല്പട്ടക്കാരുടെ തലത്തിലെങ്കിലും ഉപയോഗത്തിലിരുന്നു. വിരലിലെണ്ണാവുന്ന ഏതാനും പേർ മാത്രം ഇന്നും അതു ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ട്. സുറിയാനി ഭാഷ ഒഴിവാക്കുവാൻ കാലമായോ എന്ന ഒരു ചോദ്യം ഇവിടെ ഉന്നയിക്കുകയാണ്. സഭയിലെ അനുഷ്ഠാനങ്ങളുടെ വ്യാഖ്യാനനിർവചന പ്രമാണഗ്രന്ഥങ്ങൾ ഇനിയും ഭാഷയിലേക്കു പരിഭാഷ ചെയ്യപ്പെട്ടിട്ടില്ല. സുറിയാനി ഭാഷയുടെ സഹായം കൂടാതെ അവ ഗ്രഹിക്കാനൊക്കുകയില്ല. സഭയിൽ പല അനുഷ്ഠാനപാരമ്പര്യങ്ങളും വൈവിധ്യത്തിൽനിന്ന് വൈവിധ്യത്തിലേക്കു വ്യത്യാസപ്പെട്ടുകൊണ്ടേയിരിക്കുമ്പോൾ സ്വന്തം വ്യാഖ്യാനങ്ങൾ നൽകി അവയെ ന്യായീകരിക്കുവാനല്ലാതെ വൈവിധ്യങ്ങൾക്കാധാരമായ വിഷയങ്ങളെപ്പറ്റി മൂലഭാഷ

യിൽ മാത്രം ലഭ്യമായ പ്രമാണഗ്രന്ഥങ്ങൾ എന്തു പറയുന്നുവെന്ന് പരിശോധിക്കുവാനുള്ള ഭാഷാശേഷി നഷ്ടപ്പെട്ടതുമൂലം അനേകം പേർ ഇരുട്ടിൽ തപ്പുകയും ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. പള്ളികൂദാശയിലെ ശിലാവിന്യാസനത്തിലെ കൂദാശാപരമായ അനുഷ്ഠാനങ്ങൾ, പട്ടംകൊടയിലെ നില്പ്, അംശവസ്ത്രധാരണം, അർക്കദിയോക്കാൻ സ്ഥാനം, സ്ഥാനചിഹ്നദാനം മുതലായ ക്രിയാംശങ്ങളിലെല്ലാം കാണുന്ന വൈവിധ്യങ്ങൾക്കു മുഖ്യകാരണം സുറിയാനിഭാഷയിലെ പ്രമാണഗ്രന്ഥങ്ങൾ വായിക്കുവാനുള്ള കഴിവില്ലായ്മയാണ്. ആധികാരികഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുവാൻ സംഘടിതവും ഔദ്യോഗികവുമായ ശ്രമം അടിയന്തിരമായി ആരംഭിക്കുവാൻ സമയം വൈകി. ആ യത്നം യഥാവിധി പൂർത്തിയാകുംവരെയെങ്കിലും സുറിയാനി ഭാഷാപഠനം അലംഭാവം കൂടാതെ തുടരേണ്ടതുണ്ടെന്ന് ആരും സമ്മതിക്കും. സുറിയാനി ഭാഷാ പഠനത്തോടു കാണിക്കുന്ന അനാദരവും ഉദാസീനതയും മാതൃഭാഷയോടുള്ള സ്നേഹം മൂലമായിരുന്നെങ്കിൽ ക്ഷന്തവ്യമായേനേ. സുറിയാനി രാഗത്തെ ഉപേക്ഷിക്കുവാൻ നവീകരണക്കാർ ഉന്നയിച്ച ന്യായീകരണം മാതൃഭാഷാസ്നേഹമായിരുന്നെങ്കിലും അവർ എത്തിച്ചേർന്നത് പാശ്ചാത്യ സംഗീതത്തിലേക്കാണെന്നത് മറക്കരുതാത്ത പാഠമാണ്. (തുടരും)

## ആഭ്യന്തര സുവിശേഷസംഘം

പൂഴിക്കാട്: സെന്റ് ജോർജ് പള്ളിയിൽ ഭദ്രാസന ആഭ്യന്തര സുവിശേഷ സംഘ
ത്തിന്റെ ആഭിമുഖ്യത്തിൽ ഉപവാസ ധ്യാനം നടന്നു. തോമസ് മാർ അസ്താനാ
സിയോസ് മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നീ മെത്രാപ്പൊലിത്തന്മാർ മുഖ്യ
നേതൃത്വം നൽകി. ഫാ.പി.കെ. കോശി, വികാരി ഫാ.വി.ഐ. വിൽസൺ, പി.വി.
ജോർജ് എന്നിവർ നേതൃത്വം നൽകി.

## നെല്ലിക്കൽ പള്ളി പുതുക്കിപ്പണിയുന്നു

നെല്ലിക്കൽ: സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി പുതുക്കിപ്പണിയുന്നു. പുതിയ
ദേവാലയത്തിന്റെ ശിലാസ്ഥാപനം വി. സുന്നഹദോസ് സെക്രട്ടറി തോമസ് മാർ
അസ്താനാസിയോസ് മെത്രാപ്പൊലിത്താ നിർവ്വഹിച്ചു. വികാരി ഫാ. കെ.ഒ. തോമ
സ്, ട്രസ്റ്റി മാത്യു ജോർജ്, സെക്രട്ടറി ജോർജ് മാത്യു എന്നിവർ പള്ളി പണിക്ക്
നേതൃത്വം നൽകുന്നു.

## ഏകദിന ധ്യാനം

മെഴുവേലി ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ
ആഭിമുഖ്യത്തിൽ ഏകദിന ധ്യാനവും ആദ്ധ്യാത്മീക സംഘടനാ സംഗമവും നട
ത്തി. ഫാ.ജോസഫ് സാമുവേൽ കറുകയിൽ ധ്യാനത്തിന് നേതൃത്വം നൽകി.
വികാരി ഫാ.തോമസ് ജോസഫ്, വി.എം. ജേക്കബ്, ജോബിൻ ജേക്കബ്, റോജിൻ.
പി. വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

## യുവജനവാരം

മെഴുവേലി: ഹോളി ഇന്നസെന്റ്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ
യുവജനവാരം ആചരിച്ചു. വികാരി ഫാ. തോമസ് ജോസഫ് പതാക ഉയർത്തി.







# മെത്രാപ്പോലീത്തായായി ഉയർത്തൽ: ചരിത്രത്തിലൂടെ

വർഗീസ് ജോൺ തോട്ടപ്പുഴ

ആദ്യം എപ്പിസ്കോപ്പാമാരായി വാഴിക്കപ്പെട്ടവരെ പിന്നീടൊരവസരത്തിൽ മെത്രാപ്പോലീത്താമാരായി ഉയർത്തുന്ന ലളിതവും ഹൃസ്വവുമായ ശുശ്രൂഷ 20, 21 നൂറ്റാണ്ടുകളിൽ എട്ടു പ്രാവശ്യം നടന്നിട്ടുണ്ട്. ആദ്യത്തെ നാലിന് മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും അഞ്ചാമത്തേതിന് (1981) മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും അവസാനത്തെ മൂന്നിന് മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും പ്രധാന കാർമ്മികരായിരുന്നു. അഞ്ചു പ്രാവശ്യം കോട്ടയം പഴയ സെമിനാരിയിൽ വച്ചും ഓരോ തവണ കോട്ടയം മാർ ഏലിയാ ചാപ്പൽ (1929), ആലുവാ യു. സി. കോളജ് ചാപ്പൽ (1941), കോട്ടയം ദേവലോകം അരമന ചാപ്പൽ (2002) എന്നിവിടങ്ങളിൽ വച്ചുമാണ് ഇവ നടന്നത്.

1929 ഫെബ്രുവരി 15 വെള്ളിയാഴ്ച (മായൽത്തോ പെരുന്നാൾ ദിവസം) ബഥനിയുടെ ഗീവറുഗീസ് മാർ ഈവാനിയോസും 1934 ജൂൺ 1 സ്വർണ്ണ വെള്ളിയാഴ്ച മൂന്നു പേരും 1941 ഏപ്രിൽ 8 വലിയ നോമ്പിലെ ആറാം ചൊവ്വാഴ്ച രണ്ടു പേരും 1959 ജൂലൈ 12 ഞായറാഴ്ച അഞ്ചു പേരും 1981 ഫെബ്രുവരി 28 ശനിയാഴ്ച നാലു പേരും 1991 ഒക്ടോബർ 25 വെള്ളിയാഴ്ച ഏഴു പേരും 1993 സെപ്റ്റംബർ 22 ബുധനാഴ്ച മാത്യൂസ് മാർ സേവേറിയോസും 2002 ആഗസ്റ്റ് 27 ചൊവ്വാഴ്ച നാലു പേരുമാണ് ഇപ്രകാരം മെത്രാപ്പോലീത്താമാരായി ഉയർത്തപ്പെട്ടത്. 1985 മേയ് 15 ന് എപ്പിസ്കോപ്പായായ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് 1991 ഒക്ടോബർ 25 നാണ് മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടത്.

1978 ൽ എപ്പിസ്കോപ്പായായ യൂഹാനോൻ മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായാകുന്നതിനു മുമ്പ് 1980 ൽ കാലം ചെയ്തു. 1929 ൽ എപ്പിസ്കോപ്പായായ ബഥനിയുടെ യാക്കോബ് മാർ തെയോഫിലോസ് 1930-ൽ റോമാ സഭയിൽ ചേർന്നു. മാർ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ കാലത്ത് 1966 ആഗസ്റ്റ് 24 ന് വാഴിക്കപ്പെട്ട മൂന്നു പേരും 1975 ഫെബ്രുവരി 16 ന് വാഴിക്കപ്പെട്ട അഞ്ചു പേരും മെത്രാപ്പോലീത്താമാരായി തന്നെ വാഴിക്കപ്പെട്ടവരാണ്. 1925 നു മുമ്പും നേരിട്ടു മെത്രാപ്പോലീത്താമാരായിത്തന്നെ വാഴിക്കുന്ന രീതിയാണുണ്ടായിരുന്നത്. എന്നാൽ ആറാം മാർത്തോമ്മാ എപ്പിസ്കോപ്പായെ 1770 ജൂലൈ 10ന് മാർ ദീവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി ഉയർത്തിയ സംഭവമുണ്ടായിട്ടുണ്ട്. മറ്റ് എട്ട് മാർത്തോമ്മാ മെത്രാന്മാരും ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ കബറടങ്ങിയ മാർ ഈവാനിയോസ് യൂഹാനോനും (1751 - 1794) എപ്പിസ്കോപ്പാമാരായിരുന്നത്രെ. ❑

ലേഖനം

# എല്ലാം ദൈവമയം

ജേക്കബ് ഉമ്മൻ ചാരുനിൽക്കുന്നതിൽ

രാത്രിയിൽ ഹൈവേയിലൂടെ വാഹനത്തിൽ യാത്രചെയ്യുമ്പോൾ റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ യാത്രക്കാർക്ക് വഴികാട്ടിയാവാറുണ്ട്. പ്രകാശമേറ്റ് തിളങ്ങുന്ന ബോർഡുകളിലെ മുന്നറിയിപ്പുകളും വളരെ സഹായകമാകുന്നുണ്ട്.

ഓന്നാൽ ; "ഞാൻ സ്വയം പ്രകാശിക്കുന്നതുകൊണ്ടാണ് വാഹനങ്ങൾ ശരിയായി വഴി മനസിലാക്കി മുമ്പോട്ടുപോകുന്നത്"- എന്ന് ഏതെങ്കിലും ബോർഡ് ചിന്തിച്ചാൽ......

യഥാർത്ഥത്തിൽ ബോർഡു പ്രകാശിക്കുന്നില്ലെന്നും അതിൽ തട്ടുന്ന പ്രകാശരശ്മികളുടെ പ്രതിഫലനത്താൽ അതിലെ സന്ദേശങ്ങൾ മറ്റുള്ളവർക്കു കാണുവാൻ കഴിയുന്നു എന്നുള്ളതുമാണ് സത്യാവസ്ഥ. ഇതുപോലെയാണ് മനുഷ്യന്റെ ചിന്തയും.

ഞാൻ കഴിവുള്ളവനാണെന്നും എന്റെ കഴിവുകൊണ്ട് എല്ലാം നേടുവാൻ സാധിക്കുന്നുവെന്നും മനഷ്യൻ കരുതുമ്പോൾ വഴിയരികിലെ ബോർഡുപോലെ അവൻ സ്വയം ഒരു കഴിവുമില്ലാത്തവനാണെന്നുള്ളതാണ് സത്യം.

മനുഷ്യന് എന്തെങ്കിലും പ്രവർത്തിക്കുവാനുള്ള ശക്തി സർവ്വശക്തനിൽ നിന്നും ലഭിച്ചതല്ലാതെ അവന് ഒന്നും സ്വയമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ദൈവശക്തിയിലൂടെയല്ലാതെ മനുഷ്യന് ചെറുവിരൽ അനക്കുവാൻ പോലും കഴിയുന്നില്ല. എല്ലാം കഴിയുമെന്നു ചിന്തിക്കുന്ന മനുഷ്യന് നിശ്ചലനാകുവാൻ കൂടുതൽ സമയം ആവശ്യമില്ല. അവന്റെ ശ്വാസം നിലയ്ക്കുവാനും സെക്കൻറുകൾ മാത്രം മതിയല്ലോ?

അതുകൊണ്ട് മനുഷ്യൻ നിഷ്ക്രിയനായിരിക്കണമെന്ന് അർത്ഥമാകുന്നില്ല.

നാം ദൈവത്തിന്റെ കയ്യിലെ ഉപകരണങ്ങളാണ് എന്ന ചിന്തയോടെ പ്രവർത്തനങ്ങളിൽ വ്യാപൃതരാകണം. കുശവന്റെ കയ്യിലെ കളിമണ്ണുപോലെ മനുഷ്യൻ ദൈവത്തിന്റെ കയ്യിൽ രൂപാന്തരപ്പെടുകയാണ്. ദൈവപ്രവർത്തനങ്ങൾ ഭൂമിയിൽ രൂപപ്പെടുത്തുവാൻ നമ്മെ ദൈവം ഉപകരിക്കുന്നു എന്ന വിചാരമാണ് നമ്മെ ഭരിക്കേണ്ടത്.

ഒരു കുട്ടി അമ്മയുടെ പിറന്നാൾ ദിവസം അമ്മയ്ക്ക് നല്ല ഒരു സമ്മാനം വാങ്ങികൊണ്ടുവരുന്നു. അമ്മ സന്തോഷത്തോടെ അതു സ്വീകരിക്കുന്നു. "ഇതു വാങ്ങുവാൻ മോൾക്ക് എവിടെനിന്നു പണം കിട്ടി"?

"ഞാൻ അമ്മയുടെ പെട്ടിയിൽ നിന്നും എടുത്തതാണ്"

ഇതുപോലെ നാം എല്ലാം ചെയ്യുന്നു. സംസാരിക്കയും പ്രവർത്തിക്കുകയും എല്ലാം ചെയ്യുന്നത് ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ഭണ്ഡാരത്തിൽ നിന്നും ശക്തി സ്വീകരിച്ചുകൊണ്ടാണ്.

ദിവസങ്ങൾ മാത്രം പ്രായമുള്ള ഒരു കുഞ്ഞിന് കിടക്കയിൽ ഒന്നു തിരിഞ്ഞു കിടക്കണമെങ്കിൽ അതിന്



സ്വയമായി കഴിയുന്നില്ല. അതിനു കരയുവാൻ മാത്രം അറിയാം. കരച്ചിൽ കേട്ടു വരുന്ന അമ്മ കുട്ടിയുടെ ആവശ്യം മനസിലാക്കി അത് നിർവ്വഹിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹത്തോടെ നമുക്കു പ്രവർത്തിക്കുവാൻ കഴിയണമെങ്കിൽ നാം കുഞ്ഞിനെപ്പോലെ നിഷ്കളങ്കരാകണം. നോബൽ സമ്മാനം നേടിയ ഒരു ശാസ്ത്രജ്ഞനാണെങ്കിൽ പോലും അദ്ദേഹത്തിന് അറിയുവാൻ പാടില്ലാത്ത ഒരു കല പഠിക്കണമെങ്കിൽ ആ വിദ്യ അറിയാവുന്ന ഒരാളിന്റെ ശിഷ്യത്വം സ്വീകരിക്കണം. ബിരുദം കഴിഞ്ഞ് ബിരുദാനന്തരപഠനം നടത്തുന്ന ഒരു വിദ്യാർത്ഥി ഒന്നുമറിയാത്തവനെപ്പോലെ ക്ലാസിൽ ഇരുന്ന് പാഠങ്ങൾ പഠിക്കുന്നു. അതുപോലെ 90 വയസുകഴിഞ്ഞാലും ദൈവത്തിൽനിന്നും അനുഗ്രഹം സ്വീകരിക്കുവാൻ ഒരു കുഞ്ഞിനെപ്പോലെ ദൈവസന്നിധിയിൽ വരണം.

ഇവിടെ ഒരു കാര്യം നാം മനസിലാക്കണം. കമഴ്ത്തി വച്ചിരിക്കുന്ന ഒരു കുടത്തിൽ ഒരു തുള്ളിവെള്ളം പോലും ഒഴിക്കുവാൻ കഴിയുന്നില്ല.

നിറഞ്ഞിരിക്കുന്ന ഒരു പാത്രത്തിൽ ഒരാൾ കുറെ പാൽ ഒഴിക്കുവാൻ ആഗ്രഹിച്ചുവന്നാലും അത് ഉൾക്കൊള്ളുവാൻ പാത്രത്തിനു കഴിയുകയില്ല. ഒഴിക്കുന്ന ഓരോ തുള്ളിയും വെളിയിലേക്ക് തുകിപ്പോവുക മാത്രമാണ് ഫലം.

അഹന്ത നിറഞ്ഞ ഹൃദയവുമായി ദൈവസന്നിധിയിൽ കടന്നുവരുന്നവന് ദൈവാനുഗ്രഹം സ്വീകരിക്കുവാൻ കഴിയുന്നില്ല. ഹൃദയത്തിൽ നിന്നും അനാവശ്യകാര്യങ്ങൾ മാറ്റി, ഒഴിഞ്ഞ പാത്രം പോലെ മുകളിലേക്ക് നോക്കി ദൈവാനുഗ്രഹം സ്വീകരിക്കുവാൻ തയ്യാറാകണം. ഒരു യഥാർത്ഥ ശിഷ്യന് ഗുരുവിൽ നിന്നും അനുഗ്രഹം സ്വീകരിച്ച് മറ്റുള്ളവന് കൊടുക്കുവാൻ കഴിയും.

ഒരു വലിയ ജലസംഭരണിയോടു ഘടിപ്പിച്ചിരിക്കുന്ന പൈപ്പുപോലെ അവൻ പ്രവർത്തിക്കണം.

അത് സമൂഹത്തിന്റെ നില മനസിലാക്കിയുള്ള പ്രവർത്തനമാകണം. ഒരു റോഡിന്റെ കയറ്റവും ഇറക്കവും അനുസരിച്ച് കാറിന്റെ ഗിയർ മാറ്റുന്നതുപോലെ സമൂഹത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് പ്രവർത്തനശൈലി അനുരൂപപ്പെടുത്തണം.

അമ്മയിൽ ആശ്രയം കണ്ടെത്തുന്ന പൈതലിനെപ്പോലെ, ഗുരുവിൽ ആശയർപ്പിക്കുന്ന ശിഷ്യനെപ്പോലെ, മനുഷ്യൻ തന്റെ സൃഷ്ടാവായ ദൈവത്തിൽ സകലവും ഭരമേല്പിക്കണം. ആ അവസ്ഥയിൽ ഒരു സത്യം നമുക്കു മനസിലാകും - "എല്ലാം ദൈവമയം."

❑

## റോബിൻ തോമസ് ഡിസ്ട്രിക്റ്റ് ഓർഗനൈസർ

ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനം പുത്തൻകാവ് ഡിസ്ട്രിക്റ്റ് ഓർഗനൈസറായി റോബിൻ തോമസ് നിയമിതനായി.

അദ്ദേഹം ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവാകംഗമാണ്. 'ഫിസിക്സിലും, കമ്മ്യൂണിക്കേറ്റീവ്' മലയാളത്തിലും ബിരുദങ്ങൾ നേടിയിട്ടുണ്ട്.

# കാണാപ്പുറങ്ങൾ

എം. എ. ജേക്കബ്, പുത്തൻകാവ്

കുറേക്കാലമായി വിദ്യാഭ്യാസമേഖലയിൽ അനുദിനമെന്നവണ്ണം പരിഷ്കാരങ്ങൾ ഓരോ ഗവർമ്മെന്റും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരം പരിഷ്കാരങ്ങൾ കൊണ്ട്, വിദ്യാഭ്യാസ മേഖലയുടെ അലകും പിടിയും തന്നെ മാറി. ഇന്ന് ആ മേഖല തികച്ചും സങ്കീർണ്ണമായി കഴിഞ്ഞു. വിദ്യാഭ്യാസ മേഖലയിൽ കമ്പ്യൂട്ടർ പഠനത്തിന് ഉചിതമായ സ്ഥാനം നൽകിയതും, പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തി പ്ലസ് ടു എന്ന പേരിൽ ഹൈസ്ക്കൂളുകളോടു ചേർത്തതും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാനും, എയിഡഡ് മേഖലയിൽത്തന്നെ അൺ എയിഡഡ് കോഴ്സുകൾ ആരംഭിക്കുവാനും സ്വകാര്യമേഖലയെ അനുവദിച്ചതും കേന്ദ്രീകൃത മൂല്യനിർണ്ണയം ഏർപ്പെടുത്തിയതും ടാബുലേഷൻ ജോലികൾ മുഴുവൻ കമ്പ്യൂട്ടറിലൂടെ ആക്കിയതും എല്ലാം കാലോചിതം മാത്രമല്ല പൊതുജനോപകാരപ്രദം കൂടിയായി. ഇവയൊക്കെപ്പോലെ തന്നെ വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും വലിയ ഒരനുഗ്രഹമായിത്തീർന്ന ഒരു പരിപാടിയാണ് "സേ" എന്ന പേരിൽ പരക്കെ അറിയപ്പെടുന്ന Save a Year എന്ന പരീക്ഷ.

"സേ" പരീക്ഷ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത് എസ്.എസ്. എൽ.സി പരീക്ഷയ്ക്കും പ്ലസ് ടു പരീക്ഷയ്ക്കും മാത്രമാണ്. ഏതെങ്കിലും ഒരു വിഷയത്തിനുമാത്രം മിനിമം മാർക്കു ലഭിക്കാതെ പരാജയപ്പെടുന്ന കുട്ടികൾക്കുവേണ്ടി ഒരു മാസത്തിനകം പ്രത്യേകം പരീക്ഷ നടത്തുന്നു. പ്രസ്തുത പരീക്ഷയിൽ തോറ്റ വിഷയം മാത്രം എഴുതി ജയിച്ച് ഒരു വർഷം പാഴായിപ്പോകാതെ ഉപരിപഠനത്തിന് അവസരം ഒരുക്കി കൊടുക്കുന്ന ഒരു പദ്ധതിയാണിത്.

എന്നാൽ ഈ പദ്ധതിയുടെ പ്രയോജനം എസ്.എസ്.എൽ.സി. ക്കാർക്കും പ്ലസ് ടു ക്കാർക്കും മാത്രമെ ഇന്നു ലഭിക്കുന്നൊള്ളു. ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഇതുപോലെയുള്ള സൗകര്യം ചുമതലപ്പെട്ടവർ ഒരുക്കിക്കൊടുത്താൽ ആ കുട്ടികൾക്ക് എത്ര പ്രയോജനപ്രദം ആയിരുന്നേനെ. ബിരുദ, ബിരുദാനന്തര ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ അവസാനവർഷ പരീക്ഷ എഴുതുന്നവർക്ക് ഏതെങ്കിലും കാരണവശാൽ ഒരു വിഷയത്തിനുമാത്രം മിനിമം മാർക്കു ലഭിക്കാതെ പോയാൽ അവർ പരാജയപ്പെടുകയും തന്മൂലം വിലയേറിയ ഒരു വർഷം എന്നുമെന്നേക്കുമായി നഷ്ടപ്പെട്ടു പോവുകയും ചെയ്യുന്നു. എന്നാൽ അവർക്കും "സേ' പരീക്ഷ ഏർപ്പെടുത്തിയാൽ അവർക്കു ചെയ്യുന്ന വലിയ ഒരു ഉപകാരമായിരിക്കും. ഇപ്പോൾ "സേ" പരീക്ഷ എഴുതുന്ന കുട്ടികളിൽ നിന്നും പരീക്ഷാ ഫീസു വാങ്ങുന്നതുപോലെ തന്നെ "സേ" പരീക്ഷ എഴുതുന്ന ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളിൽ നിന്നും ഫീസു വാങ്ങാവുന്നതാണ്.



സർക്കാരും സർവ്വകലാശാലകളും ഒരു പൈസ പോലും ഇതിനു വേണ്ടി ചെലവാക്കേണ്ടതില്ല. ഈ വഴിക്കൊന്നു സർക്കാരും സർവ്വകലാശാലകളും ചിന്തിച്ച് അനുകൂലമായ തീരുമാനം എടുത്തിരുന്നെങ്കിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് എത്രമാത്രം ഉപകാരപ്രദമായേനെ!

ചില കുട്ടികൾ കിട്ടിയ മാർക്ക് വർദ്ധിപ്പിക്കുന്നതിനായി വീണ്ടും എഴുതുവാൻ അപേക്ഷിക്കും. പുനർമൂല്യനിർണ്ണയം ഒരു മാസത്തിനകം നടത്തി ഫലപ്രഖ്യാപനം നടത്തിയാൽ അവർക്കും ആ വർഷം പാഴാക്കാതെ തന്നെ ഉപരിപഠനത്തിനൊ മറ്റു വഴികളിലേക്കോ തിരിയുവാൻ കഴിയും. മാർക്കു വർദ്ധനവിനായി അപേക്ഷിച്ചവരുടെ പരീക്ഷയും പുതിയതായി ഏർപ്പെടുത്തുവാൻ ഇവിടെ നിർദ്ദേശിച്ച "സേ" പരീക്ഷയോടൊപ്പം നടത്തി ഫലം പ്രഖ്യാപിച്ചാൽ ഇവർക്കും ഒരു വർഷം ലാഭിക്കുവാൻ സാധിക്കും. എല്ലാ പരീക്ഷകളും കൃത്യസമയത്തുതന്നെ നടത്തുവാൻ സർക്കാരും സർവ്വകലാശാലകളും ജാഗ്രത പുലർത്തണം. അവസാന വർഷ പരീക്ഷയ്ക്ക് ചോദ്യം തയ്യാറാക്കുമ്പോൾ പല സെറ്റു ചോദ്യങ്ങൾ തയ്യാറാക്കിയാൽ പിന്നീടു നടത്തുന്ന "സേ" ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കും ഉപയോഗിക്കാം. ❑

## പരുമല തിരുമേനിയുടെ

(10 -ാം പേജിൽ നിന്നും തുടർച്ച)

ങ്ങളിൽ സമഗ്രമായ വ്യതിയാനമാണ് 1695 മുതൽ ഉണ്ടാകുന്നത്. സാമൂഹ്യ നവോത്ഥാനം, വിദ്യാഭ്യാസ പ്രവർത്തനം, ദലിത് വിമോചനം എന്നിവയിൽ കേന്ദ്രീകൃതമായ ഒരു സാമൂഹ്യ ദർശനമാണ് പിന്നീടുള്ള ഏഴു വർഷങ്ങളിൽ രൂപപ്പെടുത്തിയത്.

19 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ പള്ളികളോട് അനുബന്ധിച്ച് സ്കൂളുകൾ ആരംഭിക്കുകയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസത്തിൽ തുല്യ പങ്കാളിത്തം നൽകുകയും ചെയ്തു. ഇത് ക്രൈസ്തവരിൽ ഉയർന്ന സാക്ഷരത സൃഷ്ടിച്ചു. 1901 ലെ സെൻസസ് പ്രകാരം 'സ്ത്രീ വിദ്യാഭ്യാസത്തിൽ തിരുവിതാംകൂർ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാമത്തേതായി. ഇവിടെ 1000 -ത്തിനു 31 സ്ത്രീകൾ സാക്ഷരത നേടി. എന്നാൽ ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസം 1000 -ത്തിനു പുരുഷന്മാർ 271 ഉം സ്ത്രീകൾ 73 ഉം ആയിരുന്നു. ഹിന്ദുക്കൾ പുരുഷന്മാർ 217 ഉം സ്ത്രീകൾ 39 ഉം മാത്രം. വിദ്യാഭ്യാസത്തിൽ ഇത്രയും ഉന്നതനില ക്രിസ്തീയ സമുദായത്തിനു ലഭിച്ചത് പള്ളികളോട് ചേർന്ന് സ്കൂളുകളും നാട്ടു കത്തനാരന്മാരുടെ പ്രോത്സാഹനവും ആയിരുന്നുവെന്ന് പി. ഭാസ്കരനുണ്ണി സമർത്ഥിക്കുന്നു.

മുളന്തുരുത്തി, കുന്നംകുളം, നിരണം, തിരുവല്ല, തുമ്പമൺ തുടങ്ങിയ സ്ഥലങ്ങളിൽ പരുമല തിരുമേനി വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുകയും ചെയ്തു.

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന് പരുമല തിരുമേനി നിസ്തന്ദ്രമായി പ്രയത്നിച്ചു എന്നതിന്റെ തെളിവാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായുള്ള പ്രവർത്തനങ്ങൾ.

(തുടരും)

❑

മിനിക്കഥ

# സന്ദേശം



## ജോൺ മാത്യു, പന്തളം

വൈകുന്നേരമാകാൻ ഇനി അല്പം സമയം കൂടിയേ ബാക്കിയുള്ളല്ലോ.

മാത്തച്ചൻ ആരോടെന്നില്ലാതെ പറഞ്ഞു. മഴമേഘങ്ങൾ മാനത്ത് ഉരുണ്ടു കൂടുന്നു. ഹോ... ഇനി നിന്നിട്ട് പ്രയോജനമില്ല.

മാർക്കറ്റിലെ അഴുക്കുചാലുകളുടെ ഓരം ചേർന്ന് മാത്തച്ചൻ മെയിൻ റോഡിലെത്തിയപ്പോൾ മഴത്തുള്ളികൾ ചെളിവെള്ളത്തിൽ നൃത്തം വെച്ചു തുടങ്ങി.

ആരെയും വകവെയ്ക്കാത്ത പ്രകൃതമായിരുന്നല്ലോ.....ഇപ്പോൾ എന്തു പറ്റി?

ലക്ഷങ്ങളുടെ ബിസിനസ് ദിവസവും നടത്തിയിരുന്നപ്പോൾ എന്തിനും തയ്യാറായിരുന്നവർ ഇന്ന് എവിടെ? എവിടെയാണ് പാളിച്ച പറ്റിയത്. അടർന്ന് വീണ അൻപത് വർഷങ്ങൾ ചതിയുടെയും വഞ്ചനയുടെയും ആയിരുന്നില്ലേ. ചെറിയ തെറ്റുകളിൽ നിന്ന് വലിയ തെറ്റുകളിലേക്ക് നടന്നു നീങ്ങുമ്പോൾ ബിസിനസ് നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും അവിടെ നിന്നു അതിർത്തി കടന്നു. പടർന്ന് പന്തലിച്ചു. എന്നിരുന്നാലും കണിശക്കാരിയായിരുന്ന ഗ്രേസിക്കുട്ടിയുടെ നിർബന്ധത്തിന് വഴങ്ങി എല്ലാ ആഴ്ചയും പാപകറകൾ കഴുകി പുതിയ ചതിക്കുഴികൾ ഒരുക്കുന്നതിന് പ്രാപ്തമാക്കിയിരുന്നല്ലോ. എല്ലാ ഉയർച്ചയിലും പങ്കാളിയായ അവൾ ഇന്ന് എവിടെ? മാത്തച്ചന്റെ ചിന്തകൾ ചിന്നിച്ചിതറി......

എപ്പോഴും വൈകിമാത്രം ഓടാറുള്ള കൃപ, മുരൾച്ചയോടെ സ്റ്റോപ്പിൽ നിന്ന് അല്പം വിട്ട് വന്നു നിന്നു.

മഴത്തുള്ളികൾക്ക് ശക്തി കൂടിയെങ്കിലും അതൊന്നും വകവെയ്ക്കാതെ ബസിനുള്ളിൽ കയറിപറ്റി അല്പം സ്ഥലം പരതി കണ്ടെത്താനായില്ല.

ശക്തമായ മഴയും കാറ്റും വകവെയ്ക്കാതെ ബസ് ഇരുളിനെ കീറിമുറിച്ച് ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങി.

മാത്തച്ചൻ ഡ്രൈവർക്ക് പിന്നിലായി കമ്പിയിൽ തൂങ്ങി നിന്നു എങ്കിലും അവർ വന്നെത്താതിരുന്നത് എന്തായിരിക്കാം? ഒരു ഫോൺ സന്ദേശം പോലും നൽകിയില്ലല്ലോ, ഇനി ചതിക്കുക ആയിരുന്നോ.

ക്ലീനറുടെ ഉച്ചത്തിലുള്ള വിസിൽ ശബ്ദം മാത്തച്ചനെ ചിന്തകളിൽ നിന്ന് ഉണർത്തി.

കുരിശുകവലയിൽ എത്തിയ ബസിൽ നിന്ന് ഇറങ്ങുമ്പോൾ മാത്തച്ചന് പ്രതീക്ഷയുടെ തിരിനാളം കാണുവാൻ കഴിഞ്ഞു പിന്നെ ഒട്ടും വൈകിയില്ല. ചെളിനിറഞ്ഞ ചെമ്മൺ പാതയിലൂടെ അതിവേഗം നടന്നു.

ചെയ്തുപോയ പാപങ്ങളിൽ ഒന്നെങ്കിലും ബാക്കിയുണ്ടെങ്കിൽ ദയാപൂർവ്വം പാപക്ഷമ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് മാത്തച്ചൻ അൾത്താരയിൽ മുട്ടുകുത്തി.

“മാത്തച്ചാ നീ വീണ്ടും എന്നെ പരീക്ഷിക്കയാണോ”

മാത്തച്ചൻ ഭയന്ന് വിറച്ച് നാലുപാടും നോക്കി എവിടെ നിന്നാണീ അശരീരി. മാത്തച്ചന് ഒന്നും കാണുവാൻ കഴിഞ്ഞില്ല. അപ്പോൾ മാത്തച്ചന്റെ മടിയിൽ തിരുകിയിരുന്ന മൊബയിൽ ഫോൺ മൂന്നു പ്രാവശ്യം ശബ്ദിച്ചു. ❑



വനിതാ പംക്തി

# മാനസാന്തരഫലം

## ജെസ്സി സാബു, പത്തിച്ചിറ

മനുഷ്യൻ ബലഹീനനാണ്. പലപ്പോഴും ലൗകിക മോഹങ്ങൾ അവനെ വേട്ടയാടുന്നു. സാഹചര്യങ്ങൾ ഒരു വ്യക്തിയെ പാപത്തിലേക്ക് നയിക്കുന്നു. സാഹചര്യങ്ങൾ പലതാണ്. കുടുംബ പശ്ചാത്തലം, അനാഥത്വം, അംഗീകരിക്കപ്പെടാത്ത അവസ്ഥ, സാമ്പത്തികത്തിന്റെ അമിത സ്വാതന്ത്ര്യം, ഇതെല്ലാം തന്നെ മനുഷ്യന്റെ പാപപ്രേരണയ്ക്കുള്ള വസ്തുതകളാണ്. മനുഷ്യൻ പാപത്തിലേക്ക് തിരിയുന്നു എന്ന് ബോധ്യം വരുമ്പോൾ അവനെ നന്മയിലേക്ക് നയിക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ ആത്മാവ് പ്രേരണ നല്കുന്നുണ്ട്. എന്നാൽ പൈശാചികൻ കൂടുതലായി സഹവർത്തിത്വം നടത്തുന്നതിനാൽ നന്മയുടെ മാർഗ്ഗം തേടാതെ തിന്മയിലേക്ക് നീങ്ങുവാൻ ഇടയാകുന്നു.

യൂദയിൽ സാത്താന്റെ ചിന്ത കടന്നുവന്നപ്പോൾ അവൻ ദൈവത്തേക്കാൾ പ്രാധാന്യം 30 വെള്ളിക്കാശിന് നല്കുകയുണ്ടായി. അത് അവനെ ലോകം ഉള്ള കാലത്തോളം വഞ്ചകന്റെ, അത്യാഗ്രഹിയുടെ മൂർത്തിമത് ഭാവമാക്കി. കർത്താവിന്റെ ശിഷ്യന്മാരുടെയിടയിൽ പണം സൂക്ഷിപ്പുകാരനായി ജീവിച്ച യൂദ പണത്തിന് പ്രാധാന്യം നല്കിയതിനേക്കാൾ ശ്രേഷ്ഠതയാണോ തന്റെ ഗുരുവിനെ അറിയില്ല എന്ന് മൂന്ന് പ്രാവശ്യം പത്രോസ് തള്ളിപറയുന്നത്. യൂദയെ അധമനായും പത്രോസിനെ ശ്രേഷ്ഠനായും കാണുന്നതിന്റെ പ്രധാന കാരണം പശ്ചാത്താപ വിവശനായ യൂദ അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയല്ലാതെ, മാനസാന്തരത്തിന്റെ ഫലം കായിപ്പാൻ തക്കവണ്ണം അവൻ കാത്തിരിക്കുകയോ അതിനുവേണ്ടി പ്രവർത്തിക്കുകയോ ചെയ്തില്ല. എന്നാൽ പത്രോസ് തള്ളിപ്പറഞ്ഞതിനുശേഷമുള്ള കാലം കുറ്റബോധത്തിന്റെ, പ്രായശ്ചിത്തത്തിന്റെ, മാനസാന്തരത്തിന്റെ, പശ്ചാത്തലത്തിൽ തന്റെ ശിഷ്ടജീവിതം ക്രിസ്തുവിനും ക്രിസ്തീയ സഭയുടെ വളർച്ചയ്ക്കും ഉതകുമാറ് മാനസാന്തരത്തിന്റെ ഫലം കായിപ്പാൻ തക്കവണ്ണം പ്രവർത്തിച്ചു എന്നതാണ് പത്രോസിന്റെ ശ്രേഷ്ഠത.

“അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകനെന്ന് വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല” (ലൂക്കോസ് 15:21). മുടിയനായ പുത്രന്റെ ഈ വാക്കുകൾ ചിന്തനീയമാണ്. മുടിയനായ പുത്രൻ അവന്റെ പിതാവിൽ ദർശിച്ച സ്നേഹം, അവനെ പൂർണ്ണമായ അനുതാപത്തിലേക്കും പരിപൂർണ്ണമായ കീഴ്വഴക്കത്തിലേക്കും നയിച്ചുകാണും. അടിമയെപ്പോലെ സ്വീകരിച്ചാൽ മതിയെന്ന് വിചാരിച്ച് ചെന്നപ്പോൾ മകനെപ്പോലെ സ്വീകരിക്കുകയും, വിശിഷ്ടാതിഥിയെപ്പോലെ സൽക്കരിക്കുകയും ചെയ്തത് പിതാവിന്റെ പുത്രവാൽസല്യം ആണല്ലോ. അതുപോലെ ദൈവത്തിന്റെ നിരന്തര ക്ഷമയും നാം അർഹിക്കാത്ത അനുഗ്രഹങ്ങളും ദർശിക്കുമ്പോൾ, നാമും സത്യ അനുതാപമുള്ളവരുമായി പിതാവിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പി

ക്കണം.

വർത്തമാനകാലത്തെ ജനങ്ങൾ രണ്ട് വിഭാഗമാണ്. താല്ക്കാലികമായി മാനസാന്തമുള്ളവരും മാനസാന്തരത്തിന്റെ ഫലം കായ്ക്കുന്നവരും. താല്ക്കാലികമായ മാനസാന്തരമുള്ള വരുടെ എണ്ണം അധികമാണ്. എന്നാൽ മാനസാന്തരത്തിന്റെ ഫലം കായ്ക്കുന്നവർ ചുരുക്കമാണ്. പാപം ചെയ്ത് കുറ്റവാളികളായി പിടിക്കപ്പെട്ട് നിയമത്തിന് മുന്നിൽ കീഴ്പ്പെടുന്നവരേക്കാൾ കൂടുതലാണ് മാന്യതയുടെ മുഖംമൂടി അണിഞ്ഞ് ബുദ്ധിപരമായ കഴിവുകൾ ഉപയോഗിച്ച് രാജ്യത്തെ തന്നെ നശിപ്പിക്കുന്നവർ.

ശൗലിൽ നിന്ന് പൗലോസിലേക്കുള്ള വളർച്ച മാനസാന്തരത്തിന്റെ ഫലം കായ്ച്ച അവസ്ഥയാണ്. നമ്മുടെ ഏത് തെറ്റായ പ്രവൃത്തിയിൽ നിന്നും മാറി സ്ഥിരമായ ആത്മാവിന്റെ പുതുക്കത്തിൽ ജീവിക്കുവാൻ നമുക്ക് ഇടയാകണം. നമുക്ക് തമ്പുരാൻ ദാനമായി തന്നിരിക്കുന്ന ശാരീരികവും മാനസികവും ബുദ്ധിപരമായ കഴിവുകൾ സമൂഹത്തിന് പ്രയോജനമാകുന്ന വിധത്തിൽ വിനിയോഗിക്കണം. അല്ലാതെ സമൂഹത്തെ മൂല്യച്യുതിയിലേക്ക് ആഴ്ത്തത്തക്കവണ്ണം പ്രവർത്തിക്കുവാൻ കൃസ്ത്യാനിയെന്ന ലേബലിൽ ജീവിക്കുന്ന നമുക്ക് ഇടയാകാതിരിക്കുവാൻ ദൈവീക കരുതൽ ഉണ്ടാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

□

## സെമിനാരി ദിനം ഒക്ടോബർ 6–ന്

നമ്മുടെ സഭയ്ക്ക് അഭിമാനകരങ്ങളായ രണ്ട് സ്ഥാപനങ്ങളാണ് കോട്ടയത്തെ ഓർത്തഡോക്സ് തിയോ
ളജിക്കൽ സെമിനാരിയും, നാഗപ്പൂരിലെ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി
യും. ഈ രണ്ടു സെമിനാരികളിലുമായിട്ടാണ് നമ്മുടെ സഭയ്ക്ക് ആവശ്യമായ വൈദികരെ പരിശീലിപ്പിച്ചെ
ടുക്കുന്നത്. ഒരു വർഷം പ്രത്യേക പ്രായോഗിക പരിശീലനം ഉൾപ്പെടെ അഞ്ചുവർഷത്തെ പഠനത്തിലൂടെ
സമഗ്രമായ ഒരു വ്യക്തിത്വ രൂപവൽക്കരണമാണ് ലക്ഷ്യമിടുന്നത്. ഇക്കാര്യത്തിൽ നമ്മുടെ സെമിനാരി
കൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ സഭയുടെ മുഴുവൻ പ്രാർത്ഥനയും കൈത്താങ്ങലും ആവശ്യ
മാണ്.

കോട്ടയം പഴയ സെമിനാരിയിൽ പുതിയ ലൈബ്രറി, ആർകൈവ്സ്, ഓഡിറ്റോറിയം, ചരിത്രഗാലറി,
എക്യുമെനിക്കൽ ഹാൾ എന്നിവ അടങ്ങിയ കെട്ടിട സമുച്ചയത്തിന്റെ പണി പൂർത്തിയായിരിക്കുകയാണ്.
നവംബർ മാസത്തിൽ ഇതിന്റെ കൂദാശയും ഉൽഘാടനവും നടത്തണമെന്ന് ആഗ്രഹിക്കുന്നു. അതുപോലെ
നാഗപ്പൂർ പുതിയ സെമിനാരിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു.

ഈ വർഷം ഒക്ടോബർ 6 - ന് ഞായറാഴ്ചയാണ് വൈദികസെമിനാരി ദിനം. അന്നേ ദിവസം നമ്മുടെ
സെമിനാരിക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും അന്നത്തെ കവർ പിരിവിലും കാണിക്കയിലും
ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണം. ഒക്ടോബർ 6 - ന് വി.കുർബാനയില്ലാത്ത പള്ളികളിൽ
അതിനടുത്ത് കുർബ്ബാനയുള്ള ഞായറാഴ്ച സെമിനാരിദിനമെന്നപോലെ ആചരിക്കണം. ഈ വർഷം ഇരു
സെമിനാരികൾക്കുമായി 30 ലക്ഷം രൂപയാണ് സമാഹരിക്കേണ്ടത്.

സെമിനാരികൾക്കുവേണ്ടി നടത്തുന്ന കവർ പിരിവിന്റെയും കാണിക്കയുടെയും തുകകൾ നമ്മുടെ
കോട്ടയം സെമിനാരിയിൽ സമാഹരിച്ച് രണ്ട് സെമിനാരികൾക്കുമായി പങ്കുവയ്ക്കുകയാണു ചെയ്യുന്നത്.
അതുകൊണ്ട് കവർ പിരിവ്, കാണിക്ക, പള്ളിയിൽ നിന്നുള്ള പ്രത്യേക സംഭാവന എന്നിവ ചേർത്ത് ഒക്ടോ
ബർ 31 - ന് മുമ്പായി പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി.ബി. നമ്പർ 98,
കോട്ടയം - 1, കേരള - 686001 എന്ന വിലാസത്തിൽ അയയ്ക്കുക.



# ഒരു മിന്നൽ പിണർ പോലെ...

# ശാമുവേൽ അച്ചൻ

ഫാ. ഐപ്പ് പി. സാം, തോട്ടപ്പുഴ

**Life is measured not its duration but its donation**

വ്യക്തി ജീവിതം ധന്യമായിരുന്നു എന്ന് വിലയിരുത്തുന്നതിന് പല അളവുകോലുകൾ ഉപയോഗിക്കാറുണ്ട്. ആ വ്യക്തി എന്തു നേടി? ആരൊക്കെയായി തീർന്നു.? ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തി ജീവിതങ്ങളെ വിലയിരുത്തുന്നു. ആ വ്യക്തി എന്തു നൽകി? എന്നത് പലപ്പോഴും വിസ്മരിക്കുന്നു. അറുപതു വർഷം കൊണ്ട് നൽകേണ്ടത് കേവലം ആറു വർഷങ്ങൾ കൊണ്ട് നൽകി തിരശ്ശീലയ്ക്കപ്പുറത്തേക്ക് ബഹുമാന്യനായ റ്റി.കെ. ശാമുവേൽ അച്ചൻ യാത്രയായ വിവരം കർക്കിടക മാസത്തിലെ കറുത്ത വാർത്തയായി. കാതുകൾക്ക് അവിശ്വസനീയമായ ദുഃഖവാർത്ത കേട്ട് കദനഭാരവുമായി ഓടിയെത്തിയ ജനങ്ങളെക്കൊണ്ട് ആശുപത്രിയും പരിസരവും മണിക്കൂറിനുള്ളിൽ ജനസമുദ്രമായി. വിതുമ്പുന്ന ഹൃദയവുമായി ആശ്വസിപ്പിക്കുവാനും, ആശ്വസിക്കുവാനും വാക്കുകളില്ലാതെ അപ്രതീക്ഷിതമായി നമ്മോടു വിട ചൊല്ലിയ ശമുവേൽ അച്ചൻ, കാലത്തിന്റെ കാല്പാടുകൾക്ക് പോറലേല്പ്പിക്കാനാവാത്ത സജീവ സ്മരണയായി അനേക ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടി എന്നത് സുനിശ്ചിതമാണ്.

### സുവിശേഷ പ്രതിബദ്ധത

ജനഹൃദയങ്ങളെ ഏറെ സ്വാധീനിച്ചത് അദ്ദേഹത്തിന്റെ പ്രഭാഷണ ശൈലിയാണ്. ആഴമേറിയ ദൈവീക മർമ്മങ്ങൾ സരളമായ ഭാഷയിൽ പണ്ഡിതനും, പാമരനും ഒരുപോലെ ഹൃദ്യമായ ശൈലിയിൽ അവതരിപ്പിക്കുന്നതിൽ അസാധാരണമായ വൈഭവം പുലർത്തി. അനുവാചകരിൽ ആശയങ്ങൾ ആഴത്തിൽ വേരൂന്നുവാൻ കാരണമായത് പാണ്ഡിത്യത്തിന്റെ വിഭക്തിയല്ല ഭക്തിയുടെ തെളിച്ചമാണ്.

ആദിമസഭയിലെ ശെമ്മാശ്ശന്മാരുടെ അടിസ്ഥാനയോഗ്യതയായി നിർദ്ദേശിക്കുന്നത് ആത്മനിറവും, ജ്ഞാനനിറവും, സാക്ഷ്യജീവിതവുമാണ്. ശെമ്മാശ്ശന്മാരിൽ പ്രധാനിയായ സ്തേഫാനോസിന്റെ ശുശ്രൂഷ

വളരെ ഹ്രസ്വമായിരുന്നുവെങ്കിലും മിന്നൽപിണർ പോലെ ശക്തമായിരുന്നു. ന്യായാധിപസംഘത്തിനുമുമ്പിൽ ദൈവദൂതന്റെ മുഖം പോലെ ആ മുഖം മിന്നിത്തിളങ്ങി. മാത്രമല്ല ആ വാക്ധോരണി ചലനാത്മകവുമായിരുന്നു. ആവർത്തനവിരസത ഒഴിവാക്കി കൂടുതൽ പുതുമയോടെ അവതരിപ്പിച്ച ചില ആശയങ്ങൾ ഇന്നും മനസ്സിൽ മിഴിവോടെ നിലകൊള്ളുന്നു.

യേശു തിരഞ്ഞെടുത്ത ശിഷ്യന്മാർ വെറും മുക്കുവന്മാർ. എന്തിന് ഈ മുക്കുവരെ തന്നെ യേശു തിരഞ്ഞെടുത്തു ? മുക്കുവന്മാരുടെ ജീവിതത്തിലെ ചില പ്രത്യേകതകൾ ?

വലവീശി ഒന്നും ലഭിച്ചില്ല എങ്കിലും പിന്മാറ്റം എന്ന് ഒന്നില്ല. നിരാശയും മടുപ്പുമില്ലാതെ പുതിയ ആവേശത്തോടെ പതറാത്ത മനസ്സുമായി വീണ്ടും രംഗവേദിയിൽ. ഒരേ മനസ്സുമായി പരസ്പരം സഹവർത്തിച്ച് മുന്നേറുന്ന മുക്കുവന്മാർ..... ഓർമ്മയുടെ മണിച്ചെപ്പിൽ വീണ്ടും ചോദ്യശരങ്ങൾ.... ആരാണ് ക്രിസ്ത്യാനി ? ക്രൂശ് സഹിക്കേണ്ടവനാണ് ക്രിസ്ത്യാനി. സാക്ഷ്യജീവിതത്തിൽ കൂടി അനേകർക്ക് വെളിച്ചമായി പ്രകാശിക്കേണ്ടവനാണ് ക്രിസ്ത്യാനി.

ബാലിക സമാജത്തിന്റെ ഭദ്രാസന പ്രവർത്തനങ്ങൾക്ക് ഊടും പാവും നൽകി സംഘടനയെ ശക്തമാക്കിയ ശമുവേൽ അച്ചൻ മെയ് മാസത്തിൽ നടന്ന ബാലികാ സമാജ വാർഷിക സമ്മേളനത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ച വാക്കുകൾ അനുവാചകരിൽ ചെലുത്തിയ സ്വാധീനം അവാച്യമാണ്.

### അജപാലന ശുശ്രൂഷയിൽ

ആരു വൈദീകൻ എന്ന പദവി അതിൽ തന്നെ ഒരന്ത്യമല്ല. ജനങ്ങളോടുള്ള ബന്ധത്തിൽ മാത്രമേ വൈദീകത്വത്തിനു പ്രസക്തിയുള്ളൂ. വിളിച്ചു വേർതിരിക്കപ്പെട്ട പൗരോഹിത്യം പുരോഹിത വർഗ്ഗമാകുന്ന സഭാ ഗാത്രത്തെ അതിന്റെ ദൗത്യ നിർവ്വഹണത്തിനായി സജ്ജമാക്കുന്നതിനു വേണ്ടിയാണ്. ഇടയൻ ഇടയനാകുന്നത് ആടുകളോടുള്ള ബന്ധത്തിലാണ്. ആടുകൾക്കു വേണ്ടി ജീവനെ നൽകിയ വലിയ ഇടയനെ മാതൃകയായി സ്വീകരിച്ച ശമുവേൽ അച്ചന്റെ അജപാലന ശുശ്രൂഷ ശ്രദ്ധേയമാണ്. തേങ്ങുന്ന മനസ്സുമായി ഒരു നേഴ്സറിസ്ക്കൂൾ വിദ്യാർത്ഥി പറഞ്ഞത് "ഞങ്ങളുടെ അച്ചന് ഞങ്ങളെ വലിയ ഇഷ്ടമായിരുന്നു." ഓരോ ഇടവകാംഗത്തിന്റെയും ഹൃദയത്തിൽ എത്രമാത്രം സ്ഥിരപ്രതിഷ്ഠ നേടുവാൻ അച്ചന് സാധിച്ചു എന്നത് ആ പൈതലിന്റെ വാക്കുകൾ സ്പഷ്ടമാക്കുന്നു. കേവലം ഒരു വികാരി എന്നതിലുപരി ഒരു പിതാവിന്റെ സ്ഥാനത്ത് താൻ ശുശ്രൂഷിച്ച ഇടവക ജനങ്ങൾ കണ്ടു എന്നത് അനേകരുടെ സാക്ഷ്യമാണ്.

ദേശത്തിനും ദേശവാസികൾക്കും, ജാതി മത ഭേദമെന്യേ അദ്ദേഹം നൽകിയത് നിഷ്ക്കളങ്ക സ്നേഹമാണ്. പൊയ്മുഖമില്ലാതെ നിർവ്യാജമായ ആത്മാർത്ഥത മാത്രം കൈമുതലായി സമ്പാദിച്ച ശാമുവേൽ അച്ചൻ അനേക ഹൃദയങ്ങളിൽ ജീവന്റെ സൗരഭ്യം പരത്തി എന്നത് സ്മർത്തവ്യമാണ്.





# ലക്ഷ്യം മറക്കരുത്

ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ള കൂട്ടുകാരെ,

ഒരാൾ കുറച്ചുകാലമായി ദൈവത്തെ അന്വേഷിച്ചു നടക്കുകയായിരുന്നു ലക്ഷ്യം - 'സത്യം എന്തെന്ന് അറിയുക.'

മാസങ്ങളായി യാത്ര തുടരുകയായിരുന്നു. അവസാനം ഒരു കൊടും ചൂടത്ത് ഒരു വലിയ കൊട്ടാരത്തിനു മുന്നിലെത്തി.

അയാൾ വാതിലിൽ മുട്ടി; ഒരു വൃദ്ധൻ വന്ന് കതകു തുറന്നു. ഉം നിങ്ങൾ ആരാണ്?

'എനിക്ക് ദൈവത്തെ കാണണം. ഞാൻ വളരെ ദൂരെ നിന്നും വരികയാണ്. 'കണ്ടിട്ട് എന്താണാവശ്യം'?

'എനിക്ക് സത്യത്തെക്കുറിച്ച് പഠിക്കണം'. നിങ്ങൾ ദൈവത്തെ വിളിക്കൂ; എനിക്കു സമയമില്ല. വൃദ്ധൻ പറഞ്ഞു; "ഞാ - ഞാൻ തന്നെയാണ് ദൈവം".

ഒരു നിമിഷം പകച്ചശേഷം യുവാവ് വൃദ്ധന്റെ കാൽക്കൽ വീണു. ദൈവം അയാളെ പിടിച്ചെഴുന്നേൽപ്പിച്ച് ആശ്വസിപ്പിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു.

'ഏതായാലും സത്യത്തെ ക്കുറിച്ച് അറിയാൻ നീ വളരെ പാടു പെട്ടു വന്നു. ഇവിടെ ഞാൻ ഭയങ്കര ചൂടിൽ ഇരിക്കയാണ്. കറണ്ടുകട്ടു മൂലം വെള്ളം പമ്പു ചെയ്യാനും പറ്റിയില്ല. എനിക്കാണെങ്കിൽ വലിയ ദാഹം. നീ അടുത്ത വീട്ടിൽ നിന്നും ഒരു പാത്രം വെള്ളം വാങ്ങി എനിക്കു കുടിക്കുവാൻ കൊണ്ടു വരൂ.

ദൈവം പറഞ്ഞതല്ലേ? യുവാവ് വളരെ ധൃതിയിൽ അടുത്ത വീട്ടിലേക്കോടി. വാതിലിൽ മുട്ടി. വാതിൽ തുറക്കപ്പെട്ടു.വീട്ടുനായകൻ ചോദിച്ചു. എന്താണ് ആവശ്യം? നിങ്ങൾ വളരെ ക്ഷീണിതനാണല്ലോ?

അയാൾ കാര്യം പറഞ്ഞു. എന്റെ ദൈവത്തിന് ഒരു ഗ്ലാസ് വെള്ളം തരൂ!

ആദ്യം നിങ്ങൾ ക്ഷീണം തീർക്കൂ. കയറി ഇരിക്കൂ. വീട്ടുടമ പറഞ്ഞു. യുവാവ് കയറി ഇരുന്നു. അവർ കുറെ നേരം സംസാരിച്ചു. യുവാവ് വന്ന കാര്യം പോലും മറന്നു.

വീട്ടുകാരൻ തന്റെ സുന്ദരിയായ മകളുമായി യുവാവിനു വിവാഹം ഉറപ്പിച്ചു. വിവാഹം കഴിഞ്ഞു. ആ വീട്ടിൽ അയാൾ സ്ഥിരമായി താമസവുമായി.

കാലം കഴിഞ്ഞു; രണ്ടു കുട്ടികളുമായി. അങ്ങനെ ഇരിക്കുമ്പോൾ അവിടെ വലിയ മഴ പെയ്യുവാൻ തുടങ്ങി. വലിയ വെള്ളപ്പൊക്കമുണ്ടായി. വീടുകൾ വെള്ളത്തിനടിയിലായി.

അയാൾ തന്റെ സമ്പാദ്യമെല്ലാം ഒരു വലിയ പെട്ടിയിലാക്കി തലയിൽ വച്ചു. ഭാര്യയെയും കുട്ടികളെയും പിടിച്ച് വെള്ളത്തിൽ നിന്ന് കരഞ്ഞു വിളിച്ചു.

"ദൈവമേ; നീ ഇതു കാണുന്നില്ലേ? എന്റെ പ്രാർത്ഥന കേൾക്കുന്നില്ലേ?" ദൈവം പ്രത്യക്ഷപ്പെട്ടു.

എവിടെ കുഞ്ഞേ, ഞാൻ കുടിക്കാൻ ചോദിച്ച വെള്ളം? അപ്പോഴാണ് യുവാവ് പഴയ കാര്യങ്ങൾ ഓർക്കുന്നത്. ഇതൊരു ചൈനീസ് കഥയാണ്.

കൂട്ടുകാരെ, നാം പലപ്പോഴും ലക്ഷ്യം മറന്നുപോകാറുണ്ട്. ഏതെങ്കിലും കാര്യത്തിനു വേണ്ടി ഇറങ്ങിതിരിച്ചാൽ അതിനിടയിൽ നമ്മെ ആകർഷിക്കുന്ന പല കാര്യങ്ങളും ഉണ്ടായേക്കാം. അവയിൽ നമ്മുടെ ശ്രദ്ധ പോകരുത്. നാം ഏതിനായി ശ്രമക്കുന്നുവോ ആ ലക്ഷ്യം കൈവരിക്കുവാൻ മറ്റൊരു കാര്യവും തടസ്സമാകരുത്.

ദൈവീകകാര്യങ്ങൾക്കു പുറപ്പെടുമ്പോൾ പല പ്രലോഭനങ്ങളും നമ്മെ ക്ഷണിച്ചേക്കാം. പക്ഷേ അവയിലൊന്നും വീണു പോകരുത്.

ലക്ഷ്യപ്രാപ്തിക്കായി ദൈവാശ്രയത്തോടെ പ്രവർത്തിക്കുക. ഒരിക്കലും ലക്ഷ്യം മറക്കരുത്. ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ ആനിച്ചേച്ചി

Reg.No. R.N. 44684/87 Regd.No. KL/TLA/71/2002

# BETHEL PATHRIKA



## ഫാ. ബെഞ്ചമിൻ തോമസ്

പ. സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, വൈദികനായി ഉയർത്തിയ കോഴഞ്ചേരി സെന്റ് മാത്യൂസ് ഇടവകയിൽ തഴയിൽ മേപ്പുറത്ത് എം.സി. തോമസിന്റെ മകൻ ബെഞ്ചമിൻ തോമസ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ കരസ്ഥമാക്കി. ഇപ്പോൾ പത്തനാപുരം സെന്റ് സ്റ്റീഫൻസ് ട്രെയിനിങ് കോളേജിൽ ബി.എഡ് വിദ്യാർത്ഥി. ഓതറ ദയറാംഗമാണ്.

## വൈദികപട്ടം സ്വീകരിക്കുന്നു.



മംഗലം തുണ്ടിയിൽ ബാബു മാത്യുവിന്റെ മകൻ ഡീക്കൻ വർഗീസ് ടി. മാത്യുവിന് സെപ്തംബർ 26-ന് മംഗലം സെന്റ് ജോർജ് പള്ളിയിൽ വെച്ച് വി. സുന്നഹദോസ് സെക്രട്ടറി തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത വൈദികപട്ടം നൽകും. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ബി.എയും സെറാംബൂർ സർവ്വകലാശാലയിൽ നിന്നും ബി.ഡിയും കരസ്ഥമാക്കി. ഇപ്പോൾ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ മിഷനിൽ പാസ്റ്ററൽ കൗൺസിലിങ് വിദ്യാർത്ഥി. പുത്തൻകാവ് പുത്തൻപുരയ്ക്കൽ പള്ളിതെക്കേതിൽ ഉമ്മൻ കെ. നൈനന്റെ മകൾ സിനി വർഗ്ഗീസാണ് സഹധർമ്മിണി.

## "നിരണം ഗ്രന്ഥവരി" വിവാദത്തിലേക്ക്

മലയാളത്തിലെ ആദ്യ ചരിത്രഗ്രന്ഥമെന്നു വിശേഷിക്കപ്പെടുന്ന "നിരണം ഗ്രന്ഥവരി" സാഹിത്യവിവാദത്തിലേക്ക്. 18-ാം നൂറ്റാണ്ടിന്റെ അന്ത്യ കാലഘട്ടത്തിൽ താളിയോലയിൽ നാളാഗമ രീതിയിൽ എഴുതപ്പെട്ട ഈ ചരിത്രഗ്രന്ഥം 2000 ഓഗസ്റ്റിൽ കോട്ടയം സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ചിരുന്നു. പ്രമുഖ ചരിത്രകാരനായ ഡോ. എം.ആർ രാഘവവാരിയരുടെ അവതാരികയോടും ചരിത്രകാരനായ ഡോ. രാജൻ ഗുരുക്കളുടെ സഹകരണത്തോടെയും ഗവേഷകനായ എം. കുര്യൻ തോമസ് പ്രസിദ്ധീകരിച്ച ആ പതിപ്പും, അതിലെ പഠനങ്ങളും അടിക്കുറിപ്പുകളും മോഷ്ടിച്ച് "നിരണം ഗ്രന്ഥവരി"യുടെ ഒരു പുതിയ പതിപ്പ് "നിരണം ഗ്രന്ഥവരിയും നിരണം പാട്ടുകളും" എന്ന പേരിലാണിപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പോൾ മണലിൽ ആണ് ഈ ഗ്രന്ഥത്തിന്റെ എഡിറ്റർ. നിരണം ഗ്രന്ഥവരി എന്ന താളിയോലക്കൂട്ടത്തിന്റെ സൂക്ഷിപ്പുകാർ, മേപ്രാൽ കണിയാന്ത്ര കുടുംബമാണ്. ഈ കുടുംബത്തിലുൾപ്പെട്ട പ്രൊഫ. ജോസഫ് കെ. അലക്സാണ്ടറാണ് തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ നിന്നും ഈ താളിയോലകൾ പകർത്തിയെഴുതി വാങ്ങിയത്. (ദേശാഭിമാനിദിനപ്പത്രം)

## വൈദികസെമിനാരി പ്രവേശനം

കോട്ടയം : ഓർത്തഡോക്സ് വൈദിക സെമിനാരി പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ബിരുദധാരികൾക്കു മുൻഗണന. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 31 നകം പ്രിൻസിപ്പൽ, ഓർത്തഡോക്സ് വൈദിക സെമിനാരി, കോട്ടയം എന്ന വിലാസത്തിൽ ലഭിക്കണം.

Printed and Published by Fr. P.G. George on behalf of H.G. Thomas Mar Athanasios.
Printed at Tara Offset. Cgnr. Phone : 0479-452566 for Philips Printers Chengannur.
Chief editor Fr. John Thomas Karingattil